# ക്രൈസ്തവ
# വനിത

**March - April 2022**



**A fundamental Christian bi-monthly publication of the women, by the women, for the family**

2022
March - April

Volume XV
Issue 2

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- ലോകത്തിലെ ഒന്നാമത്തെ സ്ത്രീ – മേരി അഞ്ചൻ 1
- പിന്നണി പ്രവർത്തനവും പിന്തുണയും – ജെസി ബെൻസെൻ 3
- അയ്യോ! പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! – എൽസി ബേബി 5
- "രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു" – ജോയമ്മ സാംസൺ 7
- വ്യക്തിഗത സുവിശേഷീകരണം – സാറാമ്മ ശശി 8
- കണ്ണീരിന്റെ മറവിൽ സ്വർഗ്ഗീയ ശക്തിയെ..... – എൽസി തോമസ് 10
- സ്ത്രീകളിൽ അതിസുന്ദരിയായുള്ളോവേ..... – തങ്കമ്മ സാം 13
- Making time for God in a fast-pacing world – Dr. Helen Abraham 15
- മിസ്രയീംകാരത്തി എബ്രായ വനിത – ഡോ. ചാൾസ് ജോൺ 17
- ഐസാ ബാത്ത് സുനാ നഹി – ഡോ. കുഞ്ഞുമോൻ ചാക്കോ 20
- ദാമ്പത്യം: നല്ല തുടക്കവും നല്ല അവസാനവും – ഡോ. ഉമ്മൻ ഫിലിപ്പ് 23
- Quest -82 28


Cover photo by : **Thomaskutty T.P., Ramapuram**

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**

*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

# ലോകത്തിലെ ഒന്നാമത്തെ സ്ത്രീ



Editorial

ഹവ്വായുടെ ജീവചരിത്രം ഗഹനമായ ഒരു പഠനവിഷയമാണെങ്കിലും, ചുരുക്കം ചില കാര്യങ്ങൾ മാത്രം നമുക്കു ചിന്തിക്കാം.

ജീവനുള്ളവർക്കെല്ലാം മാതാവായ ഹവ്വാ ഒരു ശിശുവായി ജനിച്ചില്ല. വളർച്ചയും സൗന്ദര്യവും ആരോഗ്യവും തികഞ്ഞ പരിപൂർണ്ണ വ്യക്തിത്വത്തിലാണു ഹവ്വായെ നാം കാണുന്നത്. 'ഹവ്വാ' എന്ന പദത്തിനു 'ജീവൻ' എന്നാണർത്ഥം. യഹോവയായ ദൈവം സ്വന്തം കൈകൊണ്ടു ഹവ്വായെ നിർമ്മിച്ചു. സകല ചരാചരങ്ങളെയും സൃഷ്ടിച്ചശേഷമാണു മനുഷ്യനെ ഉണ്ടാക്കിയത്. സൃഷ്ടിക്കപ്പെട്ട യാതൊന്നിനും തന്നെ മനുഷ്യനു തക്ക തുണയായിരിപ്പാനുള്ള യോഗ്യത ഉണ്ടായിരുന്നില്ല. ദൈവസാദൃശ്യത്തിൽ നിർമ്മിക്കപ്പെട്ട മനുഷ്യനെ സ്നേഹിപ്പാനും കരുതാനും അവന്റെ ജീവിത പങ്കാളിയായിരിപ്പാനും അതേ സാദൃശ്യത്തിലുള്ള ഒരു വ്യക്തിക്കു മാത്രമേ കഴിയൂ. സമ്പൽസമൃദ്ധവും, ഫലഭൂയിഷ്ഠവുമായിരുന്ന ഏദൻ തോട്ടത്തിലാണു മനുഷ്യനെയും അവന്റെ തുണയായ സ്ത്രീയെയും ആക്കിയത്. അവർക്കുയാതൊന്നിനും കുറവില്ലായിരുന്നു. അഖിലാണ്ഡം മുഴുവനും അവരുടെ സ്വത്തായിരുന്നു. രോഗമോ, ദുഃഖമോ ആകുലചിന്തയോ ഒന്നും തന്നെ അവരെ അലട്ടിയില്ല. പറുദീസയിൽ സൗഭാഗ്യസമ്പൂർണ്ണമായ അനുഭവമായിരുന്നു അവരുടേത്. സകല സമ്പത്തിന്റെയും ഉടമകളായിരുന്ന ആദാം എന്ന മനുഷ്യനും, ഹവ്വാ എന്ന സ്ത്രീയും സ്രഷ്ടാവായ ദൈവത്തിന്റെ കൂട്ടായ്മയിൽ ജീവിച്ചുപോന്നു. ആ സ്വർഗ്ഗീയ സന്തോഷം എത്ര നാൾ നീണ്ടുനിന്നു എന്നു നമുക്ക് അറിഞ്ഞുകൂടാ.

എന്നാൽ ലോകചരിത്രം ആപാദചൂഡം പരിവർത്തനവിധേയമാക്കിയ ഒരു ദിവസം സമാഗതമായി. യഹോവ സൃഷ്ടിച്ച എല്ലാ കാട്ടുജന്തുക്കളെക്കാളും കൗശലമേറിയ പാമ്പിന്റെ രൂപത്തിൽ ഇതാ സാത്താൻ സ്ത്രീയെ സമീപിക്കുന്നു. തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നാണു ചോദ്യം. ഒരു അപരിചിതരൂപം പ്രശ്നവുമായി തന്റെ മുമ്പാകെയെത്തിയപ്പോൾ ഭർത്താവിനെ വിളിക്കേണ്ടതായിരുന്നു അവളുടെ കടമ. അനാവശ്യമായ ചർച്ചകൾക്ക് ആസ്പദം നല്കിയതു തന്നെ തെറ്റായിപ്പോയി. അതുവരെയും നിഷ്പാപാവസ്ഥയിൽ ജീവിച്ചിരുന്ന ഹവ്വാ ഒരു കള്ളം പറയുന്നു. "വൃക്ഷത്തിന്റെ ഫലം തിന്നരുത്. തൊടുകയുമരുത്" എന്നു ദൈവം കല്പിച്ചിട്ടുണ്ട്, തൊടരുതെന്ന് ദൈവകല്പന ഉണ്ടായിരുന്നില്ല.

ഈ സ്ത്രീയെ വശത്താക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കിയ സാത്താൻ ഒരടവ് പ്രയോഗിക്കുന്നു. 'അതു നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും'. 'അവൻ ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനും' ആകുന്നു എന്നാണ് തിരുവചനം. ദൈവത്തെപ്പോലെ ആകുമെന്നു കേട്ടപ്പോൾ ഹവ്വായുടെ മനസ്സിൽ വിവിധ ചിന്തകൾ കടന്നുകൂടി. ദൈവം ചില അവകാശങ്ങൾ തങ്ങളിൽ നിന്നും പിടിച്ചു വച്ചിരിക്കുന്നു എന്ന വിചാരമുണ്ടാകുന്നു. ഈ ലോകത്തിൽ ഇത്ര ഉന്നത പദവിയിൽ താൻ ഇരിക്കുന്നതു ദൈവത്തിന്റെ വെറും കരുണയിലാണ് എന്നും താൻ അവന്റെ കൈവേലയാണെന്നും അവൾ മറന്നുപോയി.

സൃഷ്ടിപ്പാനും നശിപ്പിക്കാനും അവനു കഴിവുണ്ടെന്ന് ഹവ്വാ ഓർത്തില്ല. ലോകത്തിൽ അധികാരത്തോടുള്ള മറുതലിപ്പ് ഇവിടെ ആരംഭിക്കുന്നു.

'എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെവയ്ക്കും... ഞാൻ അത്യുന്നതനോടു സമനാകും' എന്നു ഹൃദയത്തിൽ പറഞ്ഞു, പാതാളത്തിലേക്കു നാശകൂപത്തിന്റെ അടിയിലേക്കു തന്നെ തള്ളപ്പെട്ട ആ 'അരുണോദയപുത്രൻ' ഹവ്വായുടെ മനസ്സിലും അന്തരാത്മാവിലും 'ദൈവത്തെപ്പോലെ' ആകുന്നതിന് ആഗ്രഹം ജനിപ്പിച്ചത് ആശ്ചര്യമല്ല! ഉത്പത്തി 3:6-ൽ സ്ത്രീക്കു പാപം ചെയ്യാൻ ഉത്തേജനം നല്കിയ ചില കാരണങ്ങൾ കാണുന്നു. 'ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു'. 1 യോഹന്നാൻ 2:16-ൽ എഴുതിയിരിക്കുന്ന ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാണു ഹവ്വായെ പാപത്തിൽ വീഴ്ത്തിയത്.

ആഖാൻ 'കണ്ടു മോഹിച്ചു എടുത്തു' - പാപത്തിൽ വീണു. ഇന്നത്തെ ചില വിശ്വാസികൾ പോലും തങ്ങളുടെ വസ്ത്രധാരണം, ജീവിതരീതി മുതലായവയിൽ ഈ 'മോഹ'ങ്ങൾ പ്രദർശിപ്പിക്കുന്നതു സങ്കടകരം തന്നെ. ഹവ്വാ പാപം ചെയ്തു. അതു മറ്റുള്ളവർക്കും പാപകാരണമായി. മനുഷ്യനും സ്ത്രീയും ശാപഗ്രസ്തരായി തീർന്നു. ദൈവത്തിന്റെ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടു. യഹോവയ്ക്കു മനുഷ്യനിലുള്ള വിശ്വാസം ഇല്ലാതായി. ഏദൻതോട്ടം കാപ്പാൻ ദൈവം കെരൂബുകളെ വാളിന്റെ ജ്വാലയുമായി നിർത്തി. സ്രഷ്ടാവിനു സൃഷ്ടികൾ പ്രശ്നമായിത്തീർന്നു.

ഏദൻ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ട ഹവ്വാ അനുഭവിച്ച ദുരിതങ്ങളും വേദനകളും അവാച്യമാണ്. അസഹനീയമായ വേദനയനുഭവിച്ച് അവൾ മക്കളെ പ്രസവിച്ചു. മൂത്ത മകനായ കയീനും, രണ്ടാമത്തെ മകനായ ഹാബേലും ഒരേ ദിവസം നഷ്ടപ്പെട്ടു എന്നു പറയാം. ഹവ്വാ മക്കളില്ലാത്തവളായിതീർന്നു. ഹാബേലിനെ കയീൻ കൊന്നു, കയീൻ ദേശം വിട്ടുപോയി. എന്നാൽ കരുണാസമ്പന്നനായ ദൈവം ഹവ്വായെ ഓർത്തു അവൾ വീണ്ടും ഒരു മകനെ പ്രസവിച്ചു. ശേത്തിന്റെ വംശാവലിയിലാണല്ലോ ലോകത്തിന്റെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തു ഭൂജാതനായത്.

ഹവ്വായെ പരീക്ഷിച്ച സാത്താൻ അനേകായിരം വർഷങ്ങൾക്കുശേഷം മരുഭൂമിയിൽ ഉപവസിച്ചുകൊണ്ടിരുന്ന കർത്താവിന്റെ മുമ്പിൽ പരിശോധനയുമായി ആവിർഭവിച്ചു. (മത്തായി 4:1-11). അവിടെയും ഏറെക്കുറെ തന്റെ ആദ്യ അടവുകളാണു പ്രയോഗിക്കുന്നത്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇവയെ കൊണ്ടു വെല്ലുവിളി നടത്തുന്നു. കർത്താവാകട്ടെ, ദൈവവചനമാകുന്ന വാളിനാൽ ശത്രുവിനെ തോല്പിച്ച് ഓടിക്കുന്നു. 'അപ്പോൾ പിശാച് അവനെ വിട്ടുപോയി'

ദൈവവചനം ഹൃദിസ്ഥമാക്കേണ്ടത് നമുക്ക് എത്രയോ ആവശ്യമാണ്. ആധുനിക ലോകത്തിലെ ബഹളങ്ങൾക്കിടയിൽ പലർക്കും സ്വസ്ഥമായിരുന്നു ബൈബിൾ വായിക്കാൻ കഴിയാതെ പോകുന്നു. ദൈനം ദിനമുള്ള ജോലിത്തിരക്കിനിടയിൽ പല സഹോദരിമാർക്കും തിരുവചനം വായിച്ചു ധ്യാനിപ്പാൻ സമയമില്ല. രുചികരമായ ആഹാരപദാർത്ഥങ്ങൾ പരിഷ്കൃത രീതിയിൽ പാകം ചെയ്യുന്നതിനും ശരീരാലങ്കാരത്തിനും സുഹൃത്തുക്കളുമായി സല്ലപിക്കുന്നതിനും എല്ലാം നമുക്ക് വേണ്ടുവോളം സമയമുണ്ട്. മാറ്റിവയ്ക്കാവുന്ന ഒരു കാര്യം വേദപുസ്തകവായന മാത്രം. വേദപുസ്തകത്തിൽ നിന്നു നാം അകലുന്തോറും പിശാചു നമ്മോട് അടുത്തുവരികയാണ് എന്നുള്ള സത്യം മറന്നുകൂടാ. 'ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതാണ് എന്നു നാം വിസ്മരിക്കരുത്. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗമാണ് നമുക്കാവശ്യം.

ദൈവത്തിനു സമ്പൂർണ്ണമായി കീഴ്പെട്ട് അവനു നമ്മെക്കുറിച്ചുള്ള ഉദ്ദേശ്യം ഫലപ്രദമാക്കുന്നതിനു ഹവ്വായുടെ ജീവചരിത്രം നമുക്ക് പ്രചോദനം നല്കട്ടെ.

**മേരി അഞ്ചൻ, തുംകൂർ**
**ചീഫ് എഡിറ്റർ**

# പിന്നണി പ്രവർത്തനവും പിന്തുണയും

ജെസി ബെൻസെൻ, കൊച്ചി



രാജാവായ ശൗലിന്റെ അറിവും അനുവാദവും ഇല്ലാതെ ഫെലിസ്ത്യ പട്ടാളത്തിന്റെ നേരെ ചെല്ലുവാൻ ധൈര്യപ്പെട്ട യോനാഥാനോടൊപ്പം ഉണ്ടായിരുന്ന ആയുധവാഹകന്റെ പിന്തുണ ആ യുദ്ധവിജയത്തിന് വലിയൊരു പിൻബലമായിരുന്നു. "ആയുധവാഹകൻ അവനോട്: നിന്റെ മനസ്സുപോലെയൊക്കെയും ചെയ്ക; നടന്നുകൊൾക; നിന്റെ ഇഷ്ടംപോലെ ഞാൻ നിന്നോടുകൂടെ ഉണ്ട് എന്നു പറഞ്ഞു" (1 ശമൂ. 14:7).

ഫെലിസ്ത്യപട്ടാളത്തിന്റെ നേർക്കു ചെല്ലുന്നതിനുള്ള അതിദുർഘടമായ പാതയെക്കുറിച്ച് നാം വായിക്കുന്നുണ്ട്. അത് കടുന്തൂക്കായ പാറക്കെട്ടുകളിലൂടെയുള്ള പാതയായിരുന്നു. മറ്റാരും അറിയാതെ, കടുന്തൂക്കായ പാറക്കെട്ടുകളിലൂടെ ശത്രുപാളയത്തിലേക്കുള്ള സഞ്ചാരത്തിന് ശക്തമായ പിന്തുണ നല്കി കൂടെ നിന്നത് അവന്റെ ആയുധ വാഹകനായ ബാല്യക്കാരനായിരുന്നു. ആരെങ്കിലും ആ സാഹസയാത്രയെക്കുറിച്ച് അറിഞ്ഞിരുന്നുവെങ്കിൽ അവർ യോനാഥാനെ അതിൽ നിന്നു പിന്തിരിപ്പിക്കുവാൻ ശ്രമിക്കുമായിരുന്നു.

തന്റെ പരിമിതികളെക്കുറിച്ച് ഉറച്ച ബോധ്യമുണ്ടായിരുന്ന യോനാഥാന്റെ അചഞ്ചലമായ വിശ്വാസമാണ് "അധികം കൊണ്ടോ അല്പം കൊണ്ടോ രക്ഷിപ്പാൻ യഹോവയ്ക്കു പ്രയാസമില്ലല്ലോ" എന്ന വാക്കുകളിലുള്ളത്. യഹോവ തങ്ങളെ രക്ഷിക്കും എന്നല്ലാതെ എങ്ങനെ രക്ഷിക്കും എന്നൊന്നും ചിന്തിച്ച് അവൻ വ്യാകുലപ്പെട്ടില്ല. മാത്രമല്ല, ആയുധവാഹകനായ ബാല്യക്കാരന്റെ വിധേയത്വവും സമർപ്പണവും പിന്തുണയും അവനുണ്ടായിരുന്നു.

'രാജാവിനെ അറിയിക്കാതെ പോകുന്നത് ശരിയാണോ? നമ്മൾ തനിയെ എങ്ങനെ ശത്രുവിനെ എതിരിടും?' എന്നിങ്ങനെ ആശങ്കപ്പെടുത്തുന്ന വാക്കുകളൊന്നും അവൻ പറഞ്ഞില്ല. "അവനോടു കൂടെ മരിക്കേണ്ടതിന് നാമും പോക" (യോഹ. 11:16) എന്ന് ശിഷ്യനായ തോമസ് പറഞ്ഞതുപോലുള്ള വാക്കുകളോ 'ഞാൻ വന്നാലല്ലേ പറ്റൂ... മരിക്കുന്നെങ്കിൽ മരിക്കട്ടെ' എന്നോ ഒന്നും പറഞ്ഞ് അവൻ യോനാഥാന്റെ ധൈര്യം കെടുത്തുവാൻ ശ്രമിച്ചതുമില്ല. നീ എന്തു ചെയ്താലും ഞാൻ ഒപ്പമുണ്ടാകും എന്ന അതിശക്തമായ പിന്തുണയാണ് ആ ബാല്യക്കാരൻ യോനാഥാനു നല്കിയത്. നിന്റെ മനസ്സുപോലെ, നിന്റെ ഇഷ്ടം പോലെ ചെയ്തുകൊൾക എന്നു പറഞ്ഞ് കട്ടയ്ക്ക് നില്ക്കുന്ന ആ ബാല്യക്കാരന്റെ വാക്കുകൾ കുറച്ചൊന്നും ആയിരിക്കില്ല യോനാഥാന് ഊർജ്ജം പകർന്നത്. നീ എന്തു പറഞ്ഞാലും അത് ചെയ്വാൻ ഞാനുണ്ട് എന്നു പറയുന്ന അവന്റെ വാക്കുകൾക്കും യുദ്ധ വിജയത്തിൽ വലിയൊരു പങ്കുണ്ട്.

ഇങ്ങനെ, ശക്തമായ പിന്തുണയോടെ ഒപ്പം നിന്ന ആ ബാല്യക്കാരന് യോനാഥാൻ തന്റെ മനസ്സിലുള്ളത് വെളിപ്പെടുത്തിക്കൊടുത്തു. തന്റെ പിതാവും രാജാവുമായ ശൗലിനോടു പോലും വെളിപ്പെടുത്തുവാൻ നിവൃത്തിയില്ലാതിരുന്ന ആ യുദ്ധതന്ത്രം അവൻ; തനിക്കു പിന്തുണയുമായി കൂടെ നിന്ന തന്റെ ആയുധവാഹകനെ അറിയിച്ചു. "എന്റെ ശാസനയ്ക്കു തിരിഞ്ഞുകൊൾവിൻ; ഞാൻ എന്റെ മനസ്സു നിങ്ങൾക്കു പൊഴിച്ചുതരും; എന്റെ വചനങ്ങൾ നിങ്ങളെ അറിയിക്കും" (സദൃ. 1:23) എന്ന വചനത്തെ അന്വർത്ഥമാക്കുന്ന വിധത്തിലായി

രുന്നു ആയുധവാഹകനോടുള്ള യോനാഥാന്റെ സംസാരവും ഇടപെടലും.

മുന്നണിയിൽ പോരാടുന്നവർക്കു പിന്തുണയുമായി പിന്നണിയിൽ പ്രവർത്തിക്കുന്നത് താരതമ്യേന ആയാസരഹിതമാണ്. അവർക്കു അംഗീകാരവും അഭിനന്ദനവും ലഭിച്ചില്ലെന്നും വരാം. എന്നാൽ പിന്നണി പ്രവർത്തനത്താലുളവാകുന്ന ഊർജ്ജം യുദ്ധവിജയത്തെ ഏറെ സ്വാധീനിക്കും. സുന്ദരമെന്ന ദൈവാലയ ഗോപുരത്തിങ്കൽ ഭിക്ഷയാചിച്ചു കൊണ്ടിരുന്ന മുടന്തനായിരുന്ന മനുഷ്യൻ സൗഖ്യമുള്ളവനായി പത്രൊസിനോടും യോഹന്നാനോടും ചേർന്ന് നില്ക്കുന്നതു കണ്ടപ്പോൾ ജനമെല്ലാം വിസ്മയം പൂണ്ടു എന്നു വായിക്കുന്നുണ്ട് (പ്രവൃ. 3:11). ആ മനുഷ്യൻ വലിയ പ്രസംഗം ഒന്നും ചെയ്തില്ല. അവരോട് ചേർന്നു നില്ക്കുക മാത്രമാണ് ചെയ്തത്. ചേർന്നു നില്ക്കുന്നതും കൂടെ നടക്കുന്നതും ഒക്കെ മുന്നണി പ്രവർത്തകർക്കു ഊർജ്ജം പകരുന്ന സംഗതികളാണ്. നിശബ്ദമായ ഇത്തരം പ്രോത്സാഹനങ്ങളും ദൈവസന്നിധിയിൽ വിലയേറിയതാണ്.

യോനാഥാന്റെ ബാല്യക്കാരന്റെ പിന്തുണപോലെ തന്നെ പ്രധാനമാണ് ചേർന്നു നില്ക്കുന്നവരുടെയും കൂടെ നടക്കുന്നവരുടെയും പിന്തുണയും. യുദ്ധത്തിനു പോകുന്നവന്റെ ഓഹരിയും സാമാനങ്ങൾക്കു അരികെ താമസിക്കുന്നവന്റെ ഓഹരിയും ഒരുപോലെ ആയിരിക്കേണം എന്നായിരുന്നു ദാവീദിന്റെ പ്രമാണമെങ്കിൽ (1 ശമു. 30:24) സ്വർഗ്ഗീയ പ്രമാണം അതിനെക്കാൾ എത്രയോ ഉന്നതമായിരിക്കും!! അതെ, "പ്രവാചകനെന്നു വച്ച് പ്രവാചകനെ കൈക്കൊള്ളുന്നവനു പ്രവാചകന്റെ പ്രതിഫലം ലഭിക്കും (മത്താ. 10:41). ◉

---

# അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്

## (Annamma Charles John Writer's Award)

ക്രൈസ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാലേഖകർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക എന്ന് നേരത്തെ അറിയിച്ചിരുന്നുവല്ലോ. തദനുസൃതമായി കഴിഞ്ഞ ഒരു വർഷം ഞങ്ങൾക്കു ലഭിച്ച ലേഖനങ്ങളിൽ സമ്മാനാർഹമായവയുടെ രചയിതാക്കളുടെ പേരുകൾ താഴെ ചേർക്കുന്നു.

**Distinguished Writer's Award - 2021:** Rs. 10,000 cash prize and a plaque.

**Mrs. Joyamma Samson,** Kollam

**Runner up Award** (ചീഫ് എഡിറ്ററുടെ പ്രോത്സാഹന സമ്മാനം): Rs. 5000 cash prize and a plaque.

**Dr. Helen Abraham,** Chennai

ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, വനിത പ്രസാധകൻ, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരുന്നു അവാർഡു ലഭിക്കുവാൻ അർഹരായ ലേഖനകർത്രികളെ തിരഞ്ഞെടുത്തത്.

ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന 'പുതുമുഖ'ങ്ങളെ ഇനിയും ധാരാളമായി ക്രൈസ്തവകൈരളിക്കു ദൈവം പ്രദാനം ചെയ്യട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**പത്രാധിപർ**

# അയ്യോ! പാപമുള്ള ജാതി!
# അകൃത്യഭാരം ചുമക്കുന്ന ജനം!

എൽസി ബേബി, ന്യൂ യോർക്ക്



**വി**ശുദ്ധ വേദപുസ്തകത്തിൽ പരിശുദ്ധനായ ദൈവം തന്റെ ജനത്തെ നോക്കി വിലപിക്കുന്ന ഒരു വിലാപമുണ്ട്. അതിപ്രകാരം "ആകാശമേ, കേൾക്ക; ഭൂമിയേ, ചെവി തരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റിവളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും, കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല. എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ"!

അനേകം വർഷങ്ങൾക്കു മുമ്പ് പരിശുദ്ധനായ ദൈവം തന്റെ ജനത്തെ നോക്കി ഇപ്രകാരം വിലപിച്ചെങ്കിൽ ഇന്ന് "ദൈവത്തിന്റെ സ്വന്തം നാടെന്ന്" വിളിക്കപ്പെട്ട കേരളത്തെ നോക്കി എത്രമാത്രം വിലപിക്കുന്നുണ്ടാകും എന്നോർത്തു പോയി. നോഹയുടെ കാലത്തും, ലോത്തിന്റെ കാലത്തും ജനങ്ങളുടെ അകൃത്യഭാരം നിമിത്തം ജലപ്രളയത്താലും, ആകാശത്തു നിന്നും ഗന്ധകവും തീയും വർഷിപ്പിച്ചു ശിക്ഷിച്ച ദൈവം കേരളത്തെ നശിപ്പിക്കാത്തത് ദൈവം തന്റെ കോപാഗ്നി ജ്വലിപ്പിച്ചു കൊണ്ടിരിക്കയല്ലെ എന്നോർക്കുമ്പോൾ വല്ലാത്ത ഭയവും ദുഃഖവും തോന്നിപ്പോവുകയാകുന്നു. അത്രമാത്രം കൊള്ളരുതായ്മകളും, ദുഷ്പ്രവൃത്തികളും, പറയാനോ കേൾപ്പാനോ കൊള്ളരുതാത്ത അധർമ്മങ്ങളും അകൃത്യങ്ങളും കൊടികുത്തി വാഴുന്ന വാർത്തകളല്ലേ നാം ദിനേന കേട്ടു കൊണ്ടിരിക്കുന്നത്? അഴിമതികൾ, കൊലപാതകങ്ങൾ, ലൈംഗിക പീഡനങ്ങൾ, കൊള്ളകൾ, ആഭിചാരം, വ്യഭിചാരം ഇവ പെരുകി വരികയല്ലേ? വിവാഹിതരായി കുടുംബിനികളായി ജീവിക്കേണ്ട സ്ത്രീകൾ രണ്ടും മൂന്നും മക്കളേയും ഭർത്താവിനേയും ഉപേക്ഷിച്ച് അന്യപുരുഷന്മാരോടൊപ്പം ഓടിപ്പോകുന്നു. അതും ഭാര്യയും മക്കളുമുള്ള പുരുഷന്മാരോടൊപ്പം! അതേ പോലെ പുരുഷന്മാരും! പുരുഷമൈഥുനക്കാരും, സ്വഭാവവിരുദ്ധമായി ആണോടു ആണും, പെണ്ണോടു പെണ്ണും ചേർന്നുള്ള കാമലീലകളും, വിവാഹങ്ങളും, അനുദിനം പെരുകി വരികയല്ലേ? പുരുഷന്മാർ തങ്ങളുടെ ഭാര്യമാരെ മറ്റു പുരുഷന്മാരുമായി കിടപ്പറ പങ്കുവച്ച് ഉല്ലസിക്കുന്ന വലിയൊരു സംഘം തന്നെ നമ്മുടെ സാക്ഷര കേരളത്തിൽ നടക്കുന്നു എന്നു കേൾക്കുമ്പോൾ ചങ്കു തകരാതിരിക്കുമോ? "കർത്താവിന്റെ മണവാട്ടി" കളായി സ്വയം ത്യജിച്ചും, ത്യാഗങ്ങൾ സഹിച്ചും കന്യാസ്ത്രീകളായി, കന്യാസ്ത്രീ മഠങ്ങളിൽ അടയ്ക്കപ്പെട്ടുകഴിയുന്ന സ്ത്രീ കളെ ലൈംഗിക പീഡനങ്ങൾ ചെയ്യുന്ന പുരോഹിതന്മാരും ബിഷപ്പുമാരും നിയമത്തിന്റെ മുമ്പാകെ വരുമ്പോൾ നീതി ലഭിക്കാത്ത കന്യാസ്ത്രീകളും, കുറ്റവിമുക്തന്മാരെന്നു വിധിക്കപ്പെട്ട പുരോഹിത വർഗ്ഗവും! ഇവ മൂലം എത്ര എത്ര കന്യാസ്ത്രീകളാണ് ആത്മഹത്യകൾക്കൊരുങ്ങുന്നതും, തങ്ങളുടെ കന്യാവസ്ത്രം ഉപേക്ഷിച്ചു പുറത്തിറങ്ങുന്നതും? പണ്ടൊക്കെ പതുക്കെ പറഞ്ഞിരുന്ന ചില അധർമ്മങ്ങൾ യാതൊരു ലജ്ജയോ ഉളുപ്പുമില്ലാതെ പരസ്യമായി കൊട്ടി ഘോഷിക്കുന്ന സോഷ്യൽ മീഡിയായും, വാർത്താമാദ്ധ്യമങ്ങളും! മദ്യപാനത്തേക്കാൾ ഭീകരമായ അടിമത്തമാണല്ലോ ഇപ്പോഴത്തെ ആധുനിക കണ്ടുപിടിത്തങ്ങളായ ഐഫോണും, വാട്ട്സാപ്പും,

ഫെയ്സ് ബുക്കുമെല്ലാം? യുവതലമുറകൾ അവയിൽ കുടുങ്ങി നശിച്ചു കൊണ്ടിരിക്കുന്ന കാഴ്ചകൾ അപൂർവ്വമല്ലല്ലൊ? പ്രായമായ വർപോലും അവയ്ക്കിരയായി കുടുംബ കലഹങ്ങളും, കുടുംബ തകർച്ചകളും പൂർവ്വാധികം വർദ്ധിച്ചു വരികയാണല്ലോ? ഇതൊക്കെ എവിടെ ചെന്നവസാനിക്കും എന്നു ചിന്തിച്ചു വിലപിക്കുന്ന ഒരു കൂട്ടം നല്ല മനുഷ്യരും ഇല്ലാതില്ല. പക്ഷെ വരാൻ പോകുന്ന ന്യായവിധിയേക്കുറിച്ചും, കഠിന ശിക്ഷാവിധികളേക്കുറിച്ചും വാതോരാതെ പ്രസംഗിക്കയും, എഴുതുന്നവരും ഉണ്ടെങ്കിലും ആരുകേൾക്കാൻ! ജ്ഞാനിയായ സോളമന്റെ ജ്ഞാനോപദേശമാണ് ഓർമ്മയിൽ വരുന്നത്. "എല്ലാറ്റിന്റെയും സാരം കേൾക്കുക, ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തികളേയും ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലൊ; ഇതിന്റെയൊക്കെ നാന്ദിയെന്നോണം ഇന്ന് കേരളത്തിലും ലോകത്താകമാനവും, 'കോവിഡ്' എന്ന മാരകവ്യാധിയുടെ തീവ്രത വർദ്ധിച്ചു വരികയല്ലൊ. മാത്രമോ? പ്രകൃതി ക്ഷോഭങ്ങൾ, ഭൂകമ്പങ്ങൾ, സുനാമി, അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നു! പലവിധ വ്യാധികളും രോഗങ്ങളും, മരണങ്ങളും ക്രമാതീതമായി വർദ്ധിക്കുന്ന വാർത്തകളല്ലേ നാം കേൾക്കുന്നതും കാണുന്നതും. സമാധാനമുള്ള ഭരണകൂടങ്ങൾ ഏതു രാജ്യത്താണുള്ളത്? സന്തുഷ്ടകുടുംബങ്ങൾ എത്ര കാണും? മാതാപിതാക്കളെ അനുസരിക്കാതെ അവരെ കൊല്ലുവാൻ പോലും മടികാണിക്കാത്ത മക്കളുള്ള തലമുറ! "അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും, വമ്പു പറയുന്നവരും, അഹങ്കാരികളും, ദൂഷകന്മാരും, മാതാപിതാക്കളെ അനുസരിക്കാത്തവരും, നന്ദികെട്ടവരും, അശുദ്ധരും, വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും, ഏഷണിക്കാരും, അജിതേന്ദ്രിയന്മാരും, ഉഗ്രന്മാരും, സൽഗുണ ദ്വേഷികളും, ദ്രോഹികളും, ധാർഷ്ട്യക്കാരും, നിഗളികളുമായി, ദൈവപ്രിയമില്ലാതെ, ഭോഗപ്രിയരായി, ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമൊഥെ. 3:1–5).

ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ദൈവം തന്റെ പരിശുദ്ധാത്മാവു മുഖാന്തരം വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗമാണ് മേലുദ്ധരിച്ചിരിക്കുന്നത്. അതിന്റെ നിവൃത്തിയല്ലേ ഇന്നു നാം കണ്ടും, കേട്ടും, അറിഞ്ഞും കൊണ്ടിരിക്കുന്നത്? ദൈവത്തിന്റെ ദീർഘക്ഷമ കൊണ്ടു മാത്രമാണ് ദൈവകോപാഗ്നി ഈ ഭൂമിമേൽ ചൊരിയാത്തത് എന്നോർക്കുക. ദൈവം ഈ ഭൂമിയെ പിടിച്ചുകുലുക്കുന്ന നാൾ അതി വിദൂരമല്ല എന്നോർക്കുക. "ആകാശം കൊടും മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂല പദാർത്ഥങ്ങൾ കത്തിയഴികയും, ഭൂമിയും, അതിലുള്ള പണികളും, വെന്തുപോകയും ചെയ്യും. ഇങ്ങനെ ആകാശം ചുട്ടഴിവാനും, മൂല പദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവു കാത്തിരുന്നും, ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവിതവും, ഭക്തിയും ഉള്ളവരായിരിക്കണം. എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും, പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു"! ഈ മുന്നറിയിപ്പുകൾ അവഗണിക്കരുതേ!

പ്രിയമുള്ളവരേ ഇവയൊന്നും എന്റെ വാക്കുകളല്ല, ദൈവതിരുവചനമാകുന്നു. ഒരു മാനസാന്തരം നമുക്കെല്ലാവർക്കും ആവശ്യമാകുന്നു. നമ്മുടെ വ്യക്തി ജീവിതത്തിലേക്കും, കുടുംബ ജീവിതത്തിലേക്കും, സഭാജീവിതത്തിലേക്കും ഒന്നെത്തിനോക്കി സ്വയ പരിശോധന ചെയ്യാനിടയാകട്ടെ. "മനുഷ്യാ നല്ലത് എന്തെന്ന് ദൈവം നിനക്കു കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും, ദയാതല്പരനായിരിപ്പാനും, നിന്റെ ദൈവസന്നിധിയിൽ താഴ്മയോടെ നടപ്പാനുമല്ലാതെ എന്താകുന്നു ദൈവം നിന്നോടു ചോദിക്കുന്നത്?" എന്ന പ്രവചന വാക്യം കുറിക്കൊള്ളുക. അതിലുമപ്പുറമായി പാപത്തിന്റെ ശമ്പളമാകുന്ന മരണ, നരക ശിക്ഷാവിധിയിൽ നിന്നും രക്ഷപ്പെടുവാൻ ദൈവം ഒരുക്കിയ ഏക രക്ഷാ മാർഗ്ഗമായ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളെ ഏറ്റു പറഞ്ഞ് ദൈവത്തിങ്കലേക്കു തിരിഞ്ഞ് മേലുദ്ധരിച്ചിരിക്കുന്ന ദൈവകോപാഗ്നിയിൽ നിന്നും രക്ഷ പ്രാപിപ്പാൻ ഈ ലേഖനം സഹായമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കയും ചെയ്യുന്നു.

# “രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു”

(സങ്കീ. 19:2)

ജോയമ്മ സാംസൺ, കൊല്ലം



**യാമിനി:** മനോഹരമായ പകൽ കഴിഞ്ഞു. രാത്രിയുടെ വരവായി. ഭാസ്കര കിരണങ്ങളാൽ പ്രഭാപൂരിതയായ പകലിനെ കണ്ട കണ്ണുകൊണ്ട് യാമിനി തന്നെത്തന്നെ ഒന്നു നോക്കി. അന്ധകാരം ഗ്രസിച്ചിരിക്കുന്ന തന്റെ അവസ്ഥയോർത്ത് അവൾ അസ്വസ്ഥയായി. പകൽ എത്ര മനോഹരമായിരുന്നു. ഞാൻ എത്ര നിർഭാഗ്യ. അവൾ തന്നിലേക്കും ചുറ്റുപാടിലേക്കും നോക്കി. സർവ്വത്ര കൂരിരുട്ട്. ഇനിയും അനേക കാതം മുന്നോട്ടു പോകാനുണ്ട്. എങ്ങനെ പോകും? അവൾ കാലിടറി നിന്നു. അവളുടെ നിരാശയ്ക്കു ഭംഗം കുറിച്ചുകൊണ്ട് അതാ പ്രകാശകിരണങ്ങൾ കടന്നുവരുന്നു. അതിന്റെ ഉറവിടമന്വേഷിച്ച് അവൾ തന്റെ കണ്ണുകൾ മേലോട്ടുയർത്തി. എന്തത്ഭുതം മനോഹരം യാമിനിയാമെന്നുടെ ജീവിതം. അതാ അമ്പിളി പുഞ്ചിരിതൂകി എന്നെ മാടിവിളിക്കുന്നു. ആയിരമായിരം കരങ്ങൾ നീട്ടി എന്നെ തലോടുന്നു. ആ കരസ്പർശം എത്ര ശീതളം. ആ രശ്മികൾ എത്ര മനോഹരം. മാത്രമോ, അവൾക്കു ചുറ്റും ആയിരമായിരം കോടി വെള്ളിനക്ഷത്രങ്ങൾ നൃത്തമാടുന്നു. എന്തു നയനാമൃതം ആ ദൃശ്യം. അതോടെ അവളിലെ ഇരുളെല്ലാം തെന്നിമാറി. അവൾ സന്തോഷവതിയായി അവൾ തന്നെപ്പറ്റി ചിന്തിക്കാൻ തുടങ്ങി. ഞാനൊരു പമ്പരവിഢി. ഞാനിതുവരെ എന്നിലേക്കും എന്റെ താഴെയുള്ളവരിലേക്കും എന്നോടൊപ്പമുള്ളവരിലേക്കുമാണു നോക്കിയത്. മുകളിലേക്കു നോക്കുവാൻ അവസരമൊരുക്കിത്തന്ന ദൈവത്തിനു നന്ദി. അവിടുന്നു എത്ര മഹോന്നതൻ? ചന്ദ്രനെയും താരഗണങ്ങളെയും സൃഷ്ടിച്ച അവിടുത്തെ മാഹാത്മ്യം അവർണ്ണനീയം.

**പാഠം:** പകലും രാത്രിയും ദൈവത്തിന്റെ സൃഷ്ടിയാണ്. പകൽ വാഴുവാൻ സൂര്യനെയും രാത്രി വാഴുവാൻ ചന്ദ്രനെയും നക്ഷത്രങ്ങളെയും നിയമിച്ചു. ദൈവസൃഷ്ടിയായ പകലിനും രാത്രിക്കും തനതായ സ്വഭാവസവിശേഷതകളും സൗന്ദര്യവുമുണ്ട്. പകൽ പ്രഭാപൂരിതമെങ്കിൽ അതിനു ചൂടുമുണ്ട്. രാത്രി അന്ധകാരാവൃതമെങ്കിൽ അതിന്റെ കുളിർമ ആസ്വാദനീയമത്രേ. ചന്ദ്രനും നക്ഷത്രങ്ങളും നിറഞ്ഞ രാത്രി രമണീയമത്രേ. പ്രകൃതി അതു മനസ്സിലാക്കി, പകൽ പകലിന്നു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു. പകൽ അടുത്തു വരാൻ പോകുന്ന പകലിനോടു പറയുകയാണ് ഞാൻ ഇപ്പോൾ പോകുന്നു. എങ്കിലും ഈ രാത്രി വേഗം തീരും. ഞാൻ വീണ്ടും വരും ലോകത്തിനു വെളിച്ചം പകരുവാൻ. ഇതാണു പകലിന്റെ വാക്ക്. രാത്രി കൊടുക്കുന്ന അറിവ് എന്താണ്? ജീവിതം സുഖദുഃഖ സമ്മിശ്രമാണ്. രാത്രിയുടെ മറവിലും ദൈവകരങ്ങളുടെ ദിവ്യസ്പർശനം തന്റെ സൃഷ്ടികൾക്ക് അനുഭവിക്കാൻ കഴിയും. എന്നും ദുഃഖം തന്നെ മനുഷ്യജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയില്ല. രാത്രിയുടെ അന്ധകാരം വേഗം തീരുകയും ഉദയസൂര്യൻ പ്രത്യക്ഷനാകുകയും ചെയ്യും. പ്രകൃതിയിലുള്ള ദൈവസൃഷ്ടികളെല്ലാം ദൈവത്തിന്റെ ഈ നിയമം അറിയുന്നു. അതനുസരിച്ചു പ്രവർത്തിക്കുന്നു. എന്നാൽ ദൈവം സ്വന്തസാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യനാകട്ടെ ദൈവത്തിൽ നിന്നു തനിക്കു ലഭിച്ച നന്മകൾ മറന്നിട്ട് തന്റെ ഇല്ലായ്മകളിലേക്കു നോക്കി നെടു

*ശേഷം 22-ാം പേജിൽ*

# വ്യക്തിഗത സുവിശേഷീകരണം

**സാറാമ്മ ശശി, കവിയൂർ**



**മാ**നവ ജാതിയുടെ ആത്മരക്ഷയ്ക്കായി പിതാവായ ദൈവം യേശുക്രിസ്തുവിലൂടെ ഒരുക്കിയ രക്ഷാപദ്ധതിയാണ് സുവിശേഷം. ദൈവത്തോടുള്ള ബന്ധത്തിൽ ഒരു വിശ്വാസിയുടെ (രക്ഷിക്കപ്പെട്ട വ്യക്തിയുടെ) ഉത്തരവാദിത്വമാണ് സുവിശേഷീകരണം അപ്പൊ. 1:8-ൽ പറയുന്ന പ്രകാരം പരിശുദ്ധാത്മശക്തിയാൽ യെരുശലേമിലും യെഹൂദ്യയിലും, ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകുവിൻ എന്നു പറഞ്ഞ കർത്താവിന്റെ കല്പന അനുസരിപ്പാൻ നാം ബാദ്ധ്യസ്ഥനാണ്.

സുവിശേഷം എന്നതിന് നല്ല വാർത്ത (സുവാർത്ത) എന്നാണ് അർത്ഥമാക്കുന്നത്. ദൈവ പൈതലിന്റെ ഹൃദയത്തിന്റെ സ്പന്ദനവും ക്രിസ്തീയ സഭയുടെ മുഖ്യ ദൗത്യവുമാണ് സുവിശേഷീകരണം. സുവിശേഷത്തിന്റെ ആളത്വമായ ക്രിസ്തുവിനെ സകല ആദരവോടുകൂടി മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതാണ് സുവിശേഷീകരണം. ക്രിസ്തീയ സന്ദേശങ്ങളുടെ സമാഹാരമായ ബൈബിളിൽ സകലർക്കും മാതൃകയായ സുവിശേഷം എന്ന വ്യക്തിത്വം അന്തർലീനമായിരിക്കുന്നു. ക്രിസ്തുയേശുവിനെ ദൈവവും രക്ഷിതാവുമായി വെളിപ്പെടുത്തുകയും വ്യക്തികളെ ക്രിസ്തുവിന്റെ ശിഷ്യന്മാരും, സഭയുടെ അംഗങ്ങളുമാക്കി തീർക്കുന്നത് സുവിശേഷീകരണത്തിലൂടെയാണ്. ഇതിലെ അവിഭാജ്യ ഘടകമാണ് അതിലെ സന്ദേശം. ദൈവം പാപിയെ സ്നേഹിക്കുന്നുവെന്നും, "ക്രിസ്തു പാപത്തിന്റെ പരിഹാരകൻ എന്നും അവിടുത്തെ ക്രൂശ് മരണത്താലും; അടക്ക പുനരുത്ഥാനത്തിലുള്ള വിശ്വാസം കൃപയാൽ രക്ഷയിലേക്കു നയിക്കുന്നുവെന്നുള്ളതാണ് സുവിശേഷത്തിന്റെ കാതലായ സന്ദേശം". സുവിശേഷം ഒരു വാർത്ത എന്നതിലുപരിയായി യേശുക്രിസ്തുവെന്ന വ്യക്തിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. "ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തു കൊൾക അതാകുന്നു എന്റെ സുവിശേഷം" (2 തിമൊ. 2:8)

### സുവിശേഷീകരണത്തിന്റെ ലക്ഷ്യം

കർത്താവ് തന്റെ ശിഷ്യന്മാർക്ക് (പുതിയ നിയമസഭയ്ക്ക്) നല്കിയ ദൗത്യങ്ങളിൽ പരമപ്രധാനമായതാണ് സുവിശേഷീകരണം (മത്താ.28:19, 20; അപ്പൊ. 1:8). ഇതിന്റെ ലക്ഷ്യം പാപികളായ വ്യക്തികളുടെ രക്ഷയെന്നുള്ളതാണ്. ക്രിസ്തുമതത്തോടും സുവിശേഷത്തോടും വിവിധ നിലകളിൽ ബന്ധപ്പെട്ടാലും സൽകർമ്മങ്ങൾ ചെയ്താലും ദാനധർമ്മങ്ങൾ ചെയ്താലും യാതൊരുവിധ പ്രയോജനവുമുണ്ടാകില്ല (രക്ഷ-സാദ്ധ്യമാകയില്ല) പിന്നെയോ യേശുക്രിസ്തുവുമായി വ്യക്തിപരമായി ബന്ധപ്പെടുമ്പോൾ മാത്രമെ പാപിക്ക് രക്ഷിക്കപ്പെടുവാൻ സാധ്യമാകൂ (റോമർ 10:9). ആകയാൽ വ്യക്തിപരമായ സുവിശേഷീകരണത്തിന് തിരുവചനം വളരെ പ്രാധാന്യം കല്പിക്കുന്നു (മർക്കൊ. 16:15).

സുവിശേഷമാണ് രക്ഷാമാർഗ്ഗമെന്നും ക്രിസ്തുവാണ് രക്ഷിതാവെന്നും അംഗീകരിച്ചവർ (രക്ഷിക്കപ്പെട്ടവർ) ഇതിന്റെ വക്താക്കളാകേണ്ടതാണ്. ഇത് നമ്മുടെ ഉത്തരവാദിത്വവും കടമയുമാണ്. നാം വിശ്വസ്തതയോടെ ചെയ്യേണ്ടതാകയാൽ ഇതിൽ നമുക്കു പങ്കാളി

കളാകാം. ഇതിനായി പ്രത്യേക അവസരങ്ങൾ ആവശ്യമില്ല. വിവിധ രീതിയിൽ സുവിശേഷീകരണം ചെയ്യുവാൻ സാധിക്കും. ഉചിതമായ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കുക. വ്യക്തികളുമായി അടുത്തിടപഴകുന്നതിന് ഇത് സഹായകമാണ്. വ്യക്തിഗതമായ സുവിശേഷീകരണത്തിന് (ആളാംപ്രതിവേലയ്ക്കു) യേശു കാണിച്ച മാതൃക അനുകരണീയമാണ്. യേശു ശമര്യസ്ത്രീയുടെ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി. ആത്മീയ ദാഹമറിഞ്ഞ് സന്ദർഭോചിതമായി ആ വ്യക്തിയെ സമീപിക്കുന്നു. അവൾ എന്തിനുവേണ്ടി വന്നുവോ ആ വിഷയത്തിലൂടെ സംഭാഷണമാരംഭിച്ച് അവളുടെ ജീവിതത്തിലെ പാപം (തെറ്റ്) ബോദ്ധ്യപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. പാപത്തെ വെറുത്ത്, പാപിയെ സ്നേഹിക്കുന്ന യേശു വളരെ മൃദുലമായി ഇടപെട്ടതിന്റെ ഫലമായി അവളുടെ പാപം ഏറ്റു പറഞ്ഞ് വിടുതൽ പ്രാപിക്കുവാനും പാപത്തിൽ കഴിയുന്നവരോട് “ഈ സദ്വർത്തമാനം” അവൾ ആത്മഭാരത്തോടെ അറിയിപ്പാൻ തയ്യാറാകുന്നതും അനുകരണീയമാണ്. അത് നമുക്കും മാതൃകയാക്കാം.

**സമൂഹ സുവിശേഷീകരണം:**

കൺവൻഷനുകളിലൂടെയും മറ്റ് ആത്മീയ കൂട്ടായ്മകളിലൂടെയും നടത്തപ്പെടുന്നു. കൂടാതെ സൺഡേ സ്കൂൾ, യൂത്ത് ക്യാമ്പ്, വി.ബി.എസ്സ്. എന്നിവയിലൂടെയും സുവിശേഷം പങ്കുവെയ്ക്കുവാൻ അവസരം ലഭിക്കുന്നു. ഒരേ സമയം ധാരാളം പേരോടു സുവിശേഷം അറിയിക്കുവാൻ ഇത് സാദ്ധ്യമാക്കുന്നു. തന്നെയുമല്ല ഇന്നത്തെ സാഹചര്യത്തിൽ സമൂഹമാധ്യമങ്ങൾ വഴിയും സുവിശേഷം അറിയിക്കുവാൻ അത് നാം പരമാവധി ഉപയോഗിക്കേണ്ടതാണ്.

സാഹിത്യ സുവിശേഷീകരണം വളരെ പ്രയോജനപ്പെട്ടതാണ്. സുവിശേഷകർക്ക് (വിശ്വാസിക്ക്) ചെല്ലുവാൻ കഴിയാത്ത ഇടത്ത് സുവിശേഷ പ്രതിക്ക് എത്തുവാൻ സാധിക്കും. അതിന് വ്യക്തികളെപ്പോലെ, ലജ്ജയോ, ക്ഷീണമോ, ഭയമോ, നിരാശയോ, എതിർപ്പുകളോ ഇല്ല. നമുക്കു സുവിശേഷം പങ്കുവെയ്ക്കുവാൻ കഴിയാത്തിടത്ത് സുവിശേഷ പ്രതിക്കു സാധിക്കും. വ്യക്തിപരമായ ഒരു അനുഭവം ഇതോടുള്ള ബന്ധത്തിൽ പങ്കുവെയ്ക്കുന്നു. ഞങ്ങളുടെ കഴിഞ്ഞ കാല ശുശ്രൂഷയിൽ, വർക്കലയുള്ള ഒരു ഹൈന്ദവ സഹോദരന്റെ രോഗക്കിടക്കയിൽ (ഹോസ്പിറ്റലിൽ) അദ്ദേഹത്തിന് “മറക്കാനാവാത്ത മനുഷ്യസ്നേഹി” എന്ന ട്രാക്റ്റ് ലഭിക്കയും അതു വായിച്ചിട്ട് അതെക്കുറിച്ച് കൂടുതലറിയുവാൻ താത്പര്യപ്പെടുന്നതറിഞ്ഞ് ഞങ്ങൾ കുടുംബമായി ആ ഭവനത്തിലെത്തി സുവിശേഷം പങ്കുവെച്ചു. അവിടെയുള്ള മാതാപിതാക്കളും 2 മക്കളും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചത് ഓർത്ത് നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു. ആകയാൽ സുവിശേഷപ്രതി നല്കുന്ന ദൗത്യത്തിൽ നമുക്കും തുടർന്നും പങ്കാളികളാകാം. അത് പ്രാർത്ഥനാ പൂർവ്വം നല്ല മനസ്സോടെ നമുക്കു ചെയ്യാം.

**വ്യക്തിഗത സുവിശേഷീകരണം :** വ്യക്തികളോട് നേരിട്ട് സുവിശേഷം പറയുന്നതാണ്. ഇതിന്റെ ലക്ഷ്യം വ്യക്തികളെ (പാപികളെ) ക്രിസ്തുവിലേക്ക് കൊണ്ടു വരുക എന്നതാണ്. ഉദാ: യോഹ. 1:41-42) അന്ത്രെയാസ്, തന്റെ സഹോദരനായ പത്രൊസിനെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരുന്നത്, ക്രിസ്തു വിശ്വാസികൾക്കെല്ലാം ഇത് ചെയ്യുവാൻ കഴിയും. ഇത് ദൈവ പൈതലിന്റെ ഉത്തരവാദിത്വമാണ്. മനുഷ്യൻ പാപിയായതും രക്ഷ ആവശ്യമെന്ന ബോദ്ധ്യപ്പെടുത്തി (റോമർ 3:10-12, 23) പാപത്തിന്റെ ശിക്ഷയായ മരണം, നരകം (റോമ. 6:23, യെഹ. 18:20, സങ്കീ. 9:17, വെളി. 20:15) ഇവയിൽ നിന്നു രക്ഷ പ്രാപിപ്പാൻ സ്വപ്രയത്നത്താൽ കഴിയില്ല (എഫെ. 2:8,9, തീത്തോ. 3:5) പിന്നെയോ ക്രിസ്തുവാണ് ഏക രക്ഷകൻ എന്നു വെളിപ്പെടുത്തി (യോഹ. 3:16, 1 തിമൊ. 1:15, 1 യോഹ. 1:7) രക്ഷിക്കപ്പെടുവാനുള്ള മാർഗ്ഗം ചൂണ്ടിക്കാണിച്ച് അവനിൽ വിശ്വസിച്ച് (യോഹ. 1:12) അംഗീകരിച്ച് (സ്വീകരിച്ച്) ഏറ്റു പറയുമ്പോഴാണ് ആ വ്യക്തി രക്ഷിക്കപ്പെടു

*ശേഷം 27-ാം പേജിൽ*

# കണ്ണീരിന്റെ മറവിൽ സ്വർഗ്ഗീയ ശക്തിയെ അരിഞ്ഞു വീഴ്ത്തിയവൾ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**വി.** വേദപുസ്തകത്തിൽ ന്യായാധിപന്മാരുടെ പുസ്തകം 16-ാം അദ്ധ്യായം 4-21 വരെയുള്ള വേദ ഭാഗങ്ങളിൽ ഇപ്രകാരം കാണുന്നു. "അവൻ സോരേക് താഴ്‌വരയിൽ ദെലീല എന്നുപേരുള്ള ഒരു സ്ത്രീയെ സ്നേഹിച്ചു. ഫെലിസ്ത്യ പ്രഭുക്കന്മാർ അവളുടെ അടുക്കൽ വന്നു അവളോട് നീ അവനെ വശീകരിച്ചു അവന്റെ മഹാശക്തി ഏതിൽ എന്നും, ഞങ്ങൾ അവനെ പിടിച്ചുകെട്ടി ഒതുക്കേണ്ടതിനു എങ്ങനെ സാധിക്കും എന്ന് അറിഞ്ഞു കൊൾക. ഞങ്ങൾ ഓരോരുത്തൻ ആയിരത്തൊരുനൂറ് വെള്ളിപ്പണം വീതം നിനക്കു തരാം എന്നു പറഞ്ഞു.

തുടർന്നുള്ള ഭാഗങ്ങളിലൂടെ നമുക്ക് ശിംശോനെ ചൂണ്ടികാണിച്ചുകൊണ്ട് ചില പച്ചയായ യാഥാർത്ഥ്യങ്ങളുടെ പൊരുൾ നല്കി തിരുവചനം ഇങ്ങനെ പറയുന്നു. ദൈവത്തിനായി വിളിച്ചു വേർതിരിച്ച ദൈവമക്കൾ (അഭിഷിക്തർ) ലോകയിമ്പ മോഹങ്ങളാകുന്ന ദെലീലയുടെ മടിയിൽ തലവച്ചുറങ്ങിയാൽ ശക്തിയും കാഴ്ചയും മാത്രമല്ല നിത്യത തന്നെ നഷ്ടപ്പെടുമെന്ന് അസന്ദിദ്ധമായി നമ്മെ ഓർമ്മിപ്പിക്കുകയാണ്.

തിരുവചനത്തിൽ 30 വെള്ളിക്കാശിനായി കർത്താവിനെ യൂദാ ഇസ്ക്കരിയോത്താ ഒറ്റിക്കൊടുക്കുന്നതായി നാം വായിക്കുന്നു. എന്നാൽ ഇവിടെ ഒരു സ്ത്രീ ഒരു അഭിഷിക്തന്റെ ശക്തിയെ ചോർത്തികൊടുക്കുമ്പോൾ അവൾക്കു ലഭിക്കുന്ന വെള്ളിക്കൂമ്പാരങ്ങളെപ്പറ്റി ന്യായാ. 16:5-ൽ പരാമർശിച്ചിരിക്കുന്നു.

ന്യായാ 16:4-ൽ ദെലീലയുടെ ചരിത്രമോ, കുടുംബ പശ്ചാത്തലമോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പകരം സോരേക് താഴ്‌വരയിലായിരിക്കുന്നുവെന്നു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഈ വേദഭാഗങ്ങൾ നാം വായിക്കുമ്പോൾ കാണാൻ കഴിയുന്നത് ശിംശോൻ ശാരീരികമായി അതിബലവാനായിരുന്നെങ്കിലും ധാർമ്മികമായി വളരെ ബലഹീനനായിരുന്നു. ദെലീലയുടെ എണ്ണതേച്ച വാളുപോലെയുള്ള വഞ്ചനയുടെ വാക്കുകളാണ് ബലവാനായ ശിംശോനെ വീഴ്ത്തിയത്. ആ മഹാബലവാന്റെ ബലഹീനത മനസ്സിലാക്കിയ ദെലീലയോ മൃദുവായി, ശാന്തമായി, തന്ത്രപരമായി പതുക്കെ പതുക്കെ മാനസിക ശാരീരിക കഴിവിനാൽ ആ പുരുഷകേസരിയെ തന്നോടു ചേർത്തവൾ ബന്ധിച്ചു വരുതിയിലാക്കി.

ശിംശോന്റെ ശാരീരിക ബലമോ ശക്തിയോ ഒന്നുമല്ലായിരുന്നു അവൾക്കുവേണ്ടിയിരുന്നത്. ഫെലിസ്ത്യപ്രഭുക്കന്മാർ ശിംശോനിട്ട വിലയായ വെള്ളിക്കൂമ്പാരത്തിലായിരുന്നു അവളുടെ മിഴി ഉടക്കിയത്. അവളുടെ വിഷം പുരട്ടിയ വഞ്ചനയുടെ വാക്കുകളും പ്രകടനങ്ങളും അവന്റെ ഹൃദയത്തിന്റെ ആഴത്തിലേക്ക് സുഖാനുഭൂതിയായി പെയ്തിറങ്ങി. ആ സുഖത്തിൽ നാസീർവ്രതക്കാരനായ ശിംശോൻ ദെലീലയുടെ മടിയിൽ തലവച്ചുറങ്ങുകയാണ്. ശത്രുക്കളുടെ മുമ്പിലും സമൂഹത്തിലും വീരപരാക്രമം കാണിച്ച ഈ മഹാബലവാൻ മറുവശത്ത് ദെലീലയുടെ മടിയിലെ കളിപ്പാവ ആയി മാറി.

വഞ്ചകിയായ ദലീലയോ സ്വർഗ്ഗീയ ശക്തിയുടെ രഹസ്യമറിയാൻ തന്റെ ശരീരം കൊണ്ടും, സൗന്ദര്യം കൊണ്ടും സാധിക്കില്ലായെന്നു ഉറപ്പായപ്പോൾ അവളുടെ അവ

സാനത്തെ വിഷയമ്പ് തന്റെ ആവനാഴിയിൽ നിന്നും പുറത്തെടുത്തു. കണ്ണീർ : കണ്ണീരിന്റെ മുമ്പിൽ ശിംശോൻ വീഴുമെന്നവൾ ഉറപ്പിച്ചു. (16:16) ഇങ്ങനെ അവൾ അവനെ ദിവസം തോറും വാക്കുകളാൽ ബുദ്ധിമുട്ടിച്ച് അസഹ്യപ്പെടുത്തി. അവൻ മരണപരവശനായിത്തീർന്നതിനാൽ (16:17) തന്റെ ഉള്ളം മുഴുവനും അവളെയറിയിച്ചു. ക്ഷണത്തിൽ അവൾ ഒളിപ്പിച്ച ഫെലിസ്ത്യ പ്രഭുക്കന്മാരെ വിളിപ്പിച്ച് ശിംശോന്റെ സ്വർഗ്ഗീയ ശക്തി ഇന്നതിലാണെന്നു ധരിപ്പിച്ചു. ഒറ്റ നിമിഷം കൊണ്ട് വഞ്ചകിയായ ദെലീലയാൽ ശിംശോന്റെ സ്വർഗ്ഗീയ പദ്ധതികളെ അരിഞ്ഞു വീഴ്ത്തി മാത്രവുമല്ല കണ്ണും കുത്തിപ്പൊട്ടിച്ചു. അതോടൊപ്പം ഇരുമ്പുചങ്ങലയാൽ ബന്ധിക്കപ്പെടുകയും ചെയ്തു.

എല്ലാ കാലഘട്ടത്തിലും ഇതുപോലുള്ള ദെലീലമാരാൽ ഹോമിക്കപ്പെടുന്ന പുരുഷന്മാരുടെ ചരിത്രം നമുക്ക് ചുറ്റും കാണാം. നമ്മുടെ ചുറ്റുമുള്ള വലിയ വലിയ രാഷ്ട്രീയ നേതാക്കന്മാർ, ബുദ്ധിജീവികൾ, സമ്പന്നന്മാർ, ധാർമ്മികതയെപ്പറ്റി വാതോരാതെ സംസാരിക്കുന്ന (പ്രസംഗിക്കുന്ന) മതനേതാക്കന്മാർ ഇവരൊക്കെ ദെലീലമാരുടെ മടിയിൽ കിടന്നുകൊണ്ടാണ് ഇതൊക്കെ പറയുന്നതെന്നോർക്കണം. വിശുദ്ധ ജീവിതത്തെപ്പറ്റി വാതോരാതെ തൊണ്ടകീറി പ്രസംഗിക്കുന്ന ഭക്തന്മാരും ഇക്കൂട്ടത്തിലുണ്ട്. ദ്രവ്യാഗ്രഹമെന്ന ദെലീലയുടെ മടിയിൽ ദ്രവ്യത്തെ പുണർന്നുറങ്ങുകയാണിക്കൂട്ടർ.

പ്രിയമുള്ളവരേ ഈ കാലഘട്ടത്തിൽ ദൈവിക വിശുദ്ധിക്ക് നിരക്കാത്ത കാര്യങ്ങളുമായി നാം പൊരുത്തപ്പെട്ടു ജീവിക്കുവാൻ പഠിച്ചു കഴിഞ്ഞു. എന്നാൽ തിരുവചനം നമ്മോടു പറയുന്നു പാപത്തിലകപ്പെടാതെ എങ്ങനെ ജീവിക്കാമെന്ന് സങ്കീ. 119:11 ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനം എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. എല്ലാ ചിന്തകളുടെയും ഉറവിടമാണല്ലോ ഹൃദയം. ഇന്ന് പാപത്തിന്റെ ശക്തിയാൽ പിടിക്കപ്പെടുന്നവരുടെ അപചയം അവർക്ക് ദൈവിക പദ്ധതിയിൽ വിജയകിരീടമണിയുവാൻ കഴിയുകയില്ലായെന്നു മാത്രമല്ല മാനുഷിക പദ്ധതിയിൽ അവർ ഒതുങ്ങി പോകുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം.

ഇന്ന് ആത്മീയ ജീവിതത്തിൽ നമുക്കെതിരെ പതിയിരിക്കുന്ന ചില അപകടങ്ങൾ കാണാതെ പോകരുത്.

1. ക്രിസ്തുവില്ലാത്ത ക്രിസ്തീയ സഭകൾ
2. പരിശുദ്ധാത്മാവില്ലാത്ത അഭിഷിക്തർ
3. ക്രൂശ് എടുക്കാത്ത ക്രിസ്തീയ ജീവിതം
4. മാനസാന്തരപ്പെടാത്ത വീണ്ടുംജനനം നടക്കാത്ത ആത്മികത
5. ലക്ഷ്യബോധമില്ലാത്ത ശിഷ്യത്വമില്ലാത്ത ആത്മീയത
6. ആത്മീയ ദർശനമില്ലാത്ത വേലകളും വേലക്കാരും

പ്രിയപ്പെട്ടവരേ, ആത്മരക്ഷയ്ക്കു വേണ്ടിയല്ലാതെ നാം ക്രിസ്തീയ ജീവിതം നയിച്ചാൽ ഭയാനകമായ നഷ്ടമാണ് നമ്മെത്തേടിയെത്തുന്നത്. തിരുവചനം ഇങ്ങനെ പറയുന്നു "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ" (സങ്കീ. 49:20).

തിരുവചനം ഇങ്ങനെ പറയുന്നു "ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു". (റോമർ 1:28) ഇന്നു നമ്മുടെ യൗവനക്കാരും യൗവനക്കാരികളും ജഡമോഹമെന്ന ദെലീലയുടെ മടിയിൽ തലോടൽ ഏറ്റ് മയങ്ങുകയാണ്. അവർ ദൈവവ്യവസ്ഥയും ലംഘിക്കാൻ തുടങ്ങി. "ഇണയല്ലാപ്പിണകൂടരുത് എന്നുള്ളത്" അതുകൊണ്ട് അനേകരുടെ വിശ്വാസ കപ്പൽ ഈ നാളുകളിൽ തകർന്നു പോയിക്കൊണ്ടിരിക്കുന്നു.

തിരുവചനം വീണ്ടും ഓർമ്മിപ്പിക്കുന്ന ഗലാ. 5:17 "ജഡാഭിലാഷം ആത്മാവിന്നും, ആത്മാഭിലാഷം ജഡത്തിന്നും വിരോധമായി രിക്കുന്നു".

പ്രിയമുള്ളവരേ ഈ കാലഘട്ടത്തിൽ നാമിന്നു ഏത് ദെലീലയുടെ മടിയിലാണ് തല വച്ചുറങ്ങുന്നതെന്നും, നമ്മുടെ ബന്ധങ്ങൾ ആരുമായിട്ടാണെന്നും പുനഃപരിശോധിക്കേണ്ടി യിരിക്കുന്നു. നമ്മിലെ സത്യത്തിന്റെ പരിജ്ഞാ നത്തെയും, കൃപയെയും ചോർത്തിയെടുക്കുന്ന ദൃശ്യമാദ്ധ്യമം എന്നീ ദലീലയുടെ മടിയിൽ ആണോ? ദ്രവ്യാഗ്രഹമെന്ന ദെലീലയുടെ മടി യിലാണോ ജഡത്തിന്റെ ദുരാഗ്രഹം എന്ന ദെലീലയുടെ മടിയിലാണോ? ജീവനത്തിന്റെ പ്രതാപമെന്ന ദെലീലയുടെ മടിയിലാണോ? ജഡത്തിന്റെ പ്രവൃത്തികളാകുന്ന ദലീലയുടെ മടിയിലാണോ നാം തലവച്ചുറങ്ങുന്നത്? ഏതു മേഖലയിലായിരുന്നാലും നമുക്കു മടങ്ങിവന്ന് ശിംശോനെപ്പോലെ ഒന്നുകൂടി യഹോവയോടു പ്രാർത്ഥിക്കാം. ന്യായാ. 16:28 കർത്താവായ യഹോവേ, എന്നെ ഓർക്കേണമേ. ശിംശോന്റെ പ്രാർത്ഥനകേട്ട ദൈവം നിശ്ചയമായും നമ്മെയും വിടുവിക്കും.

ഭക്തൻ ഇങ്ങനെ പാടി -

*"വെള്ളത്തിൽ കുമിളപോലെ മിന്നിവിളങ്ങിടുന്ന*
*ജഡിക സുഖങ്ങളെന്നെ എതിരേല്ക്കുകിൽ*
*സുന്ദരനാം മനോഹരാ! നിന്നെ പിരിഞ്ഞീലോകയാത്ര*
*പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ*
*മണ്ണേപ്രതി മാണിക്യം വെടിയുകില്ല ഞാൻ"*

സഹോദരങ്ങളേ, ദൈവം നമുക്കു തന്നി രിക്കുന്ന എല്ലാ അനുഗ്രഹങ്ങളും സമ്പത്ത്, സൗന്ദര്യം, ശരീരബലം, ബുദ്ധി, പേര്, പദവി എല്ലാം ദൈവം തന്ന ദാനമാണെന്നും അതിന്റെയെല്ലാം ഉടമസ്ഥാവകാശം ദൈവ ത്തിന്റേതാണെന്നും നാം മറന്നുപോകരുത്. അതിനെ ലോകമാകുന്ന ദെലീലയുടെ മടിയിൽ അടിയറവയ്ക്കരുത്. നാം അത് ദുർവിനിയോഗം ചെയ്താൽ അനേകരുടെ തകർച്ചയ്ക്കു കാര ണമാവുക. ആയതുകൊണ്ട് നമ്മുടെ ഉള്ളിലെ ദൈവിക കൃപ നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ നമ്മെ എല്ലാവരെയും കരുണാനിധിയായ ജഗന്നിയന്താവ് അനുഗ്രഹിക്കുകയും സഹായി ക്കുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടു കൂടി നിർത്തുന്നു. ◉



## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക.

https://www.gncs.org BLOG Open ചെയ്താൽ ക്രൈസ്തവ വനിതയുടെ മുൻലക്കങ്ങൾ വായിക്കുവാൻ സാധിക്കും. നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**എഡിറ്റർ**

# സ്ത്രീകളിൽ അതി സുന്ദരിയായുള്ളോവേ നിന്റെ പ്രിയനു മറ്റു പ്രിയന്മാരെക്കാൾ എന്തു വിശേഷതയുള്ളൂ? (ഉത്തമഗീതം 5:9)



തങ്കമ്മ സാം, തിരുവനന്തപുരം

ഉത്തമഗീതത്തിലെ പ്രധാന കഥാപാത്രങ്ങൾ ഒരു പ്രിയനും തന്റെ പ്രിയയുമാണ്. യരുശലേം പുത്രിമാരോട് തന്റെ പ്രിയനെക്കുറിച്ച് വർണ്ണിക്കുമ്പോൾ അവർ പ്രിയയോടു ചോദിക്കുന്ന ചോദ്യമാണ് നമ്മുടെ തലവാക്യം. പ്രിയയ്ക്കു തന്റെ പ്രിയനെക്കുറിച്ച് ശ്രേഷ്ഠഗുണവിശേഷങ്ങൾ വർണ്ണിപ്പാനുണ്ട്. പ്രിയൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ യഥാർത്ഥ ചിത്രമാണ്; പ്രിയയാകട്ടെ കർത്താവിന്റെ രക്തം മറുവിലയായി കൊടുത്തു സമ്പാദിച്ച സഭയാകുന്ന തന്റെ കാന്തയും. എന്താണ് പ്രിയ വെളിപ്പെടുത്തുന്ന ശ്രേഷ്ഠഗുണഗണങ്ങൾ എന്നു ചിന്തിക്കാം. അംഗപ്രത്യംഗമായി തന്റെ കാന്തനെക്കുറിച്ച് വർണ്ണിക്കുവാൻ പ്രിയയ്ക്കു ധാരാളം കാര്യങ്ങളുണ്ട്. അവന്റെ വ്യക്തിത്വം, മഹത്ത്വം, ശ്രേഷ്ഠത, ഔന്നത്യം, സൗന്ദര്യം എല്ലാം എല്ലാം.

**ഉത്തമ:ഗീ.5:9-16.**

എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ; പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നേ (ഉത്തമഗീതം 5:10). ശാരോനിലെ പനിനീർപുഷ്പവും താഴ്വരകളിലെ താമരപ്പൂവും ആകുന്നു (ഉത്തമഗീതം 2:1). അവനെക്കുറിച്ചു യോഹന്നാൻ വർണ്ണിക്കുന്നത് വെളി. 1:13-16 വരെ കാണാം. അവന്റെ പാദങ്ങൾക്കു കീഴെ നീലക്കല്ലു പടുത്ത തളംപോലെയും ആകാശത്തിന്റെ സ്വച്ഛത പോലെയും ആയിരുന്നു (പുറ. 24:10). അവന്റെ ശിരസ്സ് അതിവിശേഷമായ തങ്കം; അവന്റെ രൂപം ലെബാനോനെപ്പോലെ, ദേവദാരു പോലെ തന്നെ ഉൽകൃഷ്ടമാകുന്നു. അവൻ സർവ്വാംഗ സുന്ദരൻ തന്നേ. അവൻ വെണ്മയും ചുവപ്പും ഉള്ളവൻ.

**1. വെണ്മ :** വെണ്മ വിശുദ്ധിയെ കാണിക്കുന്നു. അവൻ അതിപരിശുദ്ധനാണ്. വചനത്തിലുടനീളം അവന്റെ വിശുദ്ധിയെ കാണാം. അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തെക്കാൾ വെള്ള. വെളി. 1:14. അവൻ കളങ്കമില്ലാത്ത, പാപത്തോടു സമ്പർക്കമില്ലാത്തവൻ. പാപമില്ലാത്ത ദൈവപുത്രൻ, മഹാപുരോഹിതൻ, പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതൻ എബ്രാ. 7:26; പാപം അറിയാത്തവൻ 2 കൊരി. 5:21, പാപം ഇല്ലാത്തവൻ 1 യോഹ. 3:5. പാപം ചെയ്തിട്ടില്ല, വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല 1 പത്രൊ. 2:22. പ്രിയൻ അതി പരിശുദ്ധനാണ്. ലേവ്യ. 11:44, 19:2. അവന്റെ പ്രിയയായിരിക്കുന്ന നാം എത്രയോ വിശുദ്ധ ജീവിതം നയിക്കേണ്ടവരാണ്!! എത്ര ശ്രദ്ധയോടെ നമ്മുടെ ക്രിസ്തീയ ജീവിതം നയിക്കേണ്ടവരാണ്!! 'ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ... എല്ലാ നടപ്പിലും വിശുദ്ധരാകണം. 1 പത്രൊ.1:15. കറ, ചുളുക്കം ഇല്ലാത്തവരായിരിക്കണം എഫെ.5:27. നിർമ്മല കന്യകയായിരിക്കണം 2 കൊരി. 11:2.

**2. ചുവപ്പുള്ളവൻ:** വെണ്മമാത്രമല്ല, ചുവപ്പുള്ളവനുമാണ് പ്രിയൻ. അവന്റെ തീക്ഷ്ണതയാണ് ചുവപ്പുകാണിക്കുന്നത്. പിതാവിനോടുള്ള അവന്റെ അഭേദ്യബന്ധം! അഥവാ, ദൈവമാകുന്നവൻ! ആ ബന്ധം എങ്ങനെ കാത്തുസൂക്ഷിക്കുന്നുവെന്ന് 12-ാം വയസ്സിലെ സംഭവം വെളിപ്പെടുത്തുന്നു. 'എന്നെ തിരഞ്ഞതെന്തിന്? എന്റെ പിതാവിന്നുള്ളതിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിയുന്നില്ലയോ? ലൂക്കൊ. 2:49. അവന്റെ കണ്ണു അഗ്നിജ്വാലെക്കു ഒത്തത് വെളി.1:14. ഇതു അവന്റെ തീക്ഷ്ണത വെളിപ്പെടുത്തുന്നു. ദൈവവിഷയമായി എത്ര

എരിവുള്ളവൻ!! നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു. സങ്കീ.69:9.

**3. എന്റെ പ്രിയൻ പതിനായിരം പേരിൽ അതിശ്രേഷ്ഠൻ 5:10 :** അവന്റെ വ്യക്തിത്വത്തിന്റെ ഔന്നത്യം!! ലൂക്കൊ.1:32. ജനനത്തിൽ തന്നെ മഹത്ത്വസമ്പൂർണ്ണൻ, രാജാവായി പിറന്നവൻ. സകല ജാതികളുടെയും മുന്നിൽ ഒരുക്കിയിരിക്കുന്ന രക്ഷ. 'നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു... യെശ.9:6,7 മഹാ ദൈവം, നമ്മുടെ രക്ഷിതാവ് തീത്തൊ. 2:12. ഇവനെത്ര മഹാൻ! എബ്രാ.7:4. ആദ്യഫലം, സർവ്വ സൃഷ്ടിക്കും ആദ്യജാതൻ, ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠൻ, മരിച്ചവരിൽ നിന്നും ആദ്യനായി എഴുന്നേറ്റവൻ, സമ്പൂർണ്ണമനുഷ്യൻ, സമ്പൂർണ്ണ ദൈവം ഇങ്ങനെ നമ്മുടെ പ്രിയന്റെ മഹത്ത്വം ശ്രേഷ്ഠത ദിവ്യത്വം വർണ്ണനാതീതമായി തിരുവചനത്തിൽ ഉടനീളം രേഖപ്പെടുത്തിയിരിക്കുന്നു. കൊലൊ. 1:15,18; റോമർ.8:29, സങ്കീ.89:27, സ്വർഗ്ഗത്തെക്കാൾ ഉന്നതൻ, ദൂതന്മാരെക്കാൾ, ദൈവാലയത്തെക്കാൾ, മോശെയെക്കാൾ, ശലോമോനെക്കാൾ എല്ലാവരെക്കാളും എല്ലാറ്റെയെക്കാളും വലിയവൻ. മേൽ വിവരിച്ചതിൽ നിന്നും ശൂലേംകാരത്തിക്കു പറയുവാനുള്ളതിനെക്കാൾ എത്രയോ ഉപരിയായി നമ്മുടെ പ്രിയൻ ശ്രേഷ്ഠനും, അത്യുന്നതനും ആണ്. അവന്റെ മഹിമ അഗോചരമത്രേ. അവൻ പതിനായിരത്തിലല്ല സർവ്വത്തിലും മഹോന്നതൻ തന്നെ. സ്തോത്രം!! നാം ഭാഗ്യശാലികൾ!!

**4. അവന്റെ ശിരസ്സു അതിവിശേഷമായ തങ്കം 5:11** ഇതു നമ്മുടെ കർത്താവിന്റെ ദൈവത്ത്വത്തെ കാണിക്കുന്നു. അവൻ സാക്ഷാൽ ദൈവമാണ്. വെളിപ്പാട് 1:13-16. യോഹന്നാൻ കണ്ട കർത്താവിന്റെ ദർശനം അവന്റെ മഹത്ത്വം, ദൈവത്വം, നിത്യത (ആദ്യനും അന്ത്യനും) വെളിപ്പെടുത്തുന്നു. തിരുവചനത്തിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും അതു ദർശിക്കാം. യോഹ.1:1ൽ വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. സാക്ഷാൽ ദൈവമായിരുന്നവൻ മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായി സാക്ഷാൽ മനുഷ്യനായിത്തീർന്നു.

തുടർന്ന് പ്രിയന്റെ അംഗപ്രത്യംഗവർണ്ണനയാണ് രൂപം ലബാനോനിലെ ദേവദാരുവൃക്ഷം പോലെ. സർവ്വാംഗ സുന്ദരനായവൻ ഊനമില്ലാത്ത കുഞ്ഞാടാണ്; നമ്മുടെ ഭാഗ്യം എത്ര വലുത്!! ദൈവമക്കളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇതേ വരെയും ഈ പ്രിയനെ സ്വന്തമാക്കാതെ, നിത്യനരകത്തിനു ആടുകളായി ജീവിക്കുന്നവർ, പരമസത്യം മനസ്സിലാക്കി, പ്രിയനെ വരിക്കൂ; സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിക്കൂ. സൗജന്യമായി ലഭിക്കുന്ന ഈ നിത്യരക്ഷ, രക്ഷകനും കർത്താവുമായി സ്വീകരിക്കൂ. സൗജന്യമായി ലഭിക്കുന്ന ഈ നിത്യരക്ഷ, രക്ഷകനും കർത്താവും ആയ യേശു ക്രിസ്തുവിൽ വിശ്വസിച്ചു പാപങ്ങളെ ഏറ്റു പറഞ്ഞു ഉപേക്ഷിച്ചു സ്വന്തമാക്കൂ. അതിന്റെ വില പിതാവായ ദൈവം സ്വന്തപുത്രനെ നല്കി തന്നു കൊടുത്തു തീർത്തു. ഇതു വിശ്വസിച്ച് ഏറ്റു പറഞ്ഞു ഇപ്പോൾ തന്നെ വീണ്ടെടുക്കപ്പെട്ട ദൈവ പൈതലായിതീരുക. ഇല്ലെങ്കിൽ നിങ്ങൾ എത്ര സൽപ്രവൃത്തിചെയ്യുന്നവരായാലും നിത്യാഗ്നിയിലേക്ക് എറിയപ്പെടുകയേ ഉള്ളൂ. ദൈവമക്കളായ നമുക്ക് ഈ പ്രിയന്റെ മേൽ ചാരിക്കൊണ്ട് വിശുദ്ധ ജീവിതം നയിച്ച് നമ്മുടെ ക്രിസ്തീയ ജീവിതം ധന്യമാക്കാം. അവനു പ്രസാദമുള്ളവരായി ജീവിക്കാം. 'മരുഭൂമിയിൽ പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആര്? 8:5

'അതുകൊണ്ട് എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ എന്റെ സന്തോഷവും കിരീടവുമായുള്ളോരേ' ഇങ്ങനെ കർത്താവിൽ നിലനില്പിൽ പ്രിയമുള്ളവരേ! ഫിലി.4:1. നമ്മുടെ പദവി എത്ര ശ്രേഷ്ഠമേറിയത്!!

നമുക്കും പാട്ടുകാരനോടൊപ്പം പാടി ആനന്ദിക്കാം, *'എൻ പ്രിയനെപ്പോൽ സുന്ദരനായ്... ..സുന്ദരനാം മനോഹരാ! നിന്നെപിരിഞ്ഞീ ലോകായാത്ര പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ മണ്ണേപ്രതി മാണിക്യം വെടിയുകില്ല ഞാൻ...*

സർവ്വമഹത്ത്വവും നമ്മുടെ കർത്താവിന്
*സ്തോത്രം ആമേൻ.*

# Making time for God in a fast-pacing world

Dr. Helen Abraham, Chennai



Time is a very valuable gift God has given to us. We often attribute our failure to invest time with God in prayer, scripture reading and meditation, participation in activities of the assembly and other spiritual activities due to 'lack of time'. But, really thinking about it, how do we 'lack' time when God has given all of us the same 24 hours a day? The answer to this is that we often misinterpret 'priority' as 'time'. We do find time for the things we deem absolutely important such as timely food and sleep, the time our jobs demand and the time education demands for our kids.

The digital world we live in today, where technology has been brought to our fingertips claiming to make our lives 'easier', has a stark difference from the way our forefathers lived decades ago, where it was difficult to contact a person once he/ she has left a particular premises. First, it was handwritten letters which would take days to reach their destination, then came the Telegram which took a few hours, and then the Telephone which would reach us provided we were at our offices and homes. Then came along the Mobile phone which we carried wherever we went, making everyone available irrespective of their location. Still, as calls were charged by the minute, not many resorted to calling without an important cause. I remember my parents' method of disconnecting the phone lines when we had assembly meetings or family prayers at home. By disconnecting with the world, they were actually attempting to not disrupt their connection with God.

Today, the Internet has totally disrupted the balance of our lives by consuming our time in endless ways and making us accountable to respond ever so quickly to so much as a text, demanding work to be done, irrespective of working hours or weekends and more so during this pandemic when many of us had to 'work from home'. This has further pushed our time for God to the edge.

In the midst of all these difficult challenges and numerous responsibilities we have, we must find ways to prioritize our time for God above all else. The Scripture tells us how we are to make use of our time for God.

**1. Number our days**

In order to realize the importance of time, we must be conscious that we are running out of it and make the most of it. In Psalm 90: 12 we read, "So teach us to number our days, that we may gain a heart of wisdom."

Numbering our days will help us to gain perspective and to prioritize time for communicating with God, spending time in His presence, carrying out our ministry for God and having fellowship with other Christians.

**2. Utilize our youthful days for God**

Many of us regard spiritual matters as something to be addressed in retired life when one does not have the worries of raising their young or the demands of a job to tend to, leaving plenty of time to give to God. But the Bible tells us to remember our Creator in the days of our youth, before the difficult days come! (Ecclesiastes 12:1) God is calling us to be instrumental for Him, in the prime of our life, while we are young and strong and are not worn down by our physical ailments and mental grief. He has given us bountifully, in His grace, although we are undeserving. Let us give Him the very best of our time.

**3. Lead by example of wise usage of time**

Our spiritual lives are under scrutiny by those in our families, friends and those who live around us and especially our children who look up to us. We are not evaluated by what we say, but rather by what we do. We need to set a good example of how we must use our time discreetly and honour God. In Ephesians 5:15-16, we read, See then that you walk circumspectly, not as fools but as wise, redeeming the time, because the days are evil. In other words, wasting time is equated with foolishness. We can set a good example by spending time with God through regular quiet time and family prayer, assembly meetings and other ministry. In Mathew 6:33 we read, But seek first his kingdom and his righteousness, and all these things will be given to you as well.

Although we live in a world where technology has forced itself upon us and starve us of time, leaving us spiritually malnourished, we need to be wise and 'disconnect' ourselves from the world and 'connect' ourselves to God who fills us with the living bread and living water. May the Lord help us in this New year, to make wise choices in using our time for God. ◉

## രചനകൾ

ക്രൈസ്തവ വനിതയിൽ നിങ്ങൾക്കെഴുതാൻ താത്പര്യമുണ്ടോ? ദൈവം നിങ്ങൾക്ക് ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവ ജനതയുടെ ആത്മിക അഭിവൃദ്ധിക്കായി, അനുഗ്രഹത്തിനായി അതെഴുതി ഞങ്ങൾക്കയച്ചുതരിക, നിങ്ങളുടെ സാഹിത്യസൃഷ്ടികൾ വെളിച്ചം കാണട്ടെ. വനിതകളായ എഴുത്തുകാർക്ക് മുൻഗണന. നിങ്ങളുടെ രചനകൾ മൂന്നു പേജിൽ കവിയരുത്. രചനകൾ അയയ്ക്കേണ്ട വിലാസം താഴെ കൊടുത്തിരിക്കുന്നു.

The Editor
Christian Woman,Good News
Akkulam Road
Trivandrum - 695 011
Telephone : 0471 - 2448079

# മിസ്രയീംകാരത്തി എബ്രായ വനിത

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



**വീ**രശൂരപരാക്രമിയും പ്രസിദ്ധനുമായ കനിഷ്ഠസഹോദരന്റെ നിഴലിൽ താരശോഭ മങ്ങിയ ഒരു ജ്യേഷ്ഠസഹോദരിയായാണു മിര്യാമിനെ നാം വീക്ഷിക്കുന്നത്. വേദപുസ്തക വേദിയിൽ പാർശ്വവത്കരിക്കപ്പെട്ട ഒരു സ്ത്രീരത്നമാണ് മിര്യാം. മിര്യാമിനെക്കുറിച്ചു ഓർക്കുമ്പോൾ നൈൽ നദീതീരത്തു ഞാങ്ങണയുടെ മറവിൽ നിന്നു അമ്മയ്ക്കുവേണ്ടി ചാരപ്പണി ചെയ്യുന്ന ഒരു എബ്രായ ബാലികയാണു നമ്മുടെ മനോമുകുരത്തിൽ ആദ്യം ഓടിയെത്തുന്നത്. എൺപതിലധികം വർഷങ്ങൾക്കുശേഷമാണു മിര്യാമിനെ നാം വീണ്ടും കണ്ടുമുട്ടുക. കാർമേഘാവൃതമായ നഭസ്സിലെ മിന്നൽപിണർപോലെ നിമിഷങ്ങൾ മാത്രം കൈയിൽ തപ്പുമായി ലക്ഷോപലക്ഷം വനിതകളുടെ നേതൃസ്ഥാനത്ത് ഇസ്രയേലിന്റെ ദൈവത്തെ നൃത്തത്തോടെ ആരാധിക്കുന്ന മിര്യാമിനെയാണു നാമിവിടെ കാണുന്നത്. പിന്നീട്, മിസ്രയീമ്യ അടിമത്തനത്തിന്റെ തീച്ചൂളയിൽനിന്നു അത്ഭുതപ്രവൃത്തികളുടെ മികവിലൂടെ ഇസ്രയേലിനെ വിടുവിച്ച് വാഗ്ദത്ത നാട്ടിലേക്കു നയിക്കുന്ന വിഖ്യാതനായ സ്വസഹോദരനെതിരായി പടഹധ്വനി മുഴക്കി ദൈവകോപം ശിരസ്സിലേറ്റി കുഷ്ഠരോഗിണിയായി പാളയത്തിനു പുറത്ത് ഏഴുദിവസം ഏകയായി പാർത്ത്, ഏതു സഹോദരനോടു മത്സരിച്ചുവോ ആ സഹോദരന്റെ മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫലമായി മാറാരോഗത്തിനു സൗഖ്യം പ്രാപിച്ച് പാളയത്തിലേക്കു മടങ്ങി വരുന്ന മിര്യാമിനെയാണു നാം കാണുന്നത്. ഒടുവിലായി സംഖ്യ 20ൽ കേവലം ഒറ്റവാക്യത്തിൽ മിര്യാമിന്റെ അന്ത്യത്തെക്കുറിച്ച് നാം വായിക്കുന്നു. നേതൃസ്ഥാനത്തിനായിട്ടുള്ള പോരാട്ടത്തോടെ മിര്യാമിന്റെ മികവുറ്റ ശുശ്രൂഷയ്ക്ക് അന്ത്യം കുറിച്ചുവെന്നു കരുതുന്നതിൽ തെറ്റില്ല. ദൈവിക വ്യവസ്ഥിതിയോടു മറുതലിക്കുന്നവരെ ദൈവം യഥാവസരം തത്സ്ഥാനത്തുനിന്നും നീക്കം ചെയ്യും.

ഇതൊക്കയാണെങ്കിലും പഴയനിയമത്തിലും പുതിയനിയമത്തിലും എടുത്തു പറഞ്ഞിട്ടുള്ള സ്ത്രീരത്നങ്ങളുടെ ഉന്നത ശ്രേണിയിൽ കർത്താവിന്റെ മാതാവായ മറിയ കഴിഞ്ഞാൽ ഏറ്റവും ഉന്നതസ്ഥാനമർഹിക്കുന്ന വനിതാരത്നമാണ് മിര്യാം എന്നു നിസ്സംശയം പറയാം. പേരിലും അവർ തമ്മിലുള്ള സമാനത ശ്രദ്ധേയമാണ്.

മീഖാ ആറാം അദ്ധ്യായം നാലാം വാക്യം അധികമാരും ശ്രദ്ധിക്കാറില്ലെന്നു സംശയിക്കുന്നു. ഞാൻ നിന്നെ മിസ്രയീംദേശത്തുനിന്നു പുറപ്പെടുവിച്ചു; അടിമവീട്ടിൽനിന്നു നിന്നെ വീണ്ടെടുത്തു, മോശെയെയും അഹരോനെയും മിര്യാമിനെയും നിന്റെ മുമ്പിൽ അയച്ചു. ഇവിടെ മോശെയോടും അഹരോനോടും തുല്യസ്ഥാനമാണു ദൈവത്തിന്റെ പരിശുദ്ധാത്മാവു മിര്യാമിനു കൊടുത്തിരിക്കുന്നത്. ഒരുകാര്യമിവിടെ വ്യക്തമാക്കട്ടെ. ഇവരിൽ മോശെയാണു സംഘത്തലവൻ എന്നത് തർക്കമറ്റ വസ്തുതയാണ്. എന്നാൽ, വിമോചിതരായ ഇസ്രയേൽ മക്കളെ വാഗ്ദത്തനാട്ടിലേക്കു നയിക്കുവാൻ വ്യത്യസ്തചുമതലകൾ നല്കി ദൈവം തിരഞ്ഞെടുത്ത മൂന്നു വ്യക്തികളായിരുന്നു മോശെയും, അഹരോനും, മിര്യാമും. ഓരോരുത്തരുടെയും ചുമതലകൾക്കു യാതൊരു അവ്യക്തതയും ഉണ്ടായിരുന്നില്ല. യഹൂദപാരമ്പര്യങ്ങളും അവർ അനുവർത്തിക്കേണ്ട നിയമസംഹിതകളും പഠിപ്പിക്കയും പ്രവൃത്തിപഥത്തിലെത്തിക്കയുമായിരുന്നു മോശെയുടെ മുഖ്യകർത്തവ്യം. ജനത്തിനുവേണ്ടി ദൈവവുമായി മാദ്ധ്യസ്ഥം

ഫറവോന്റെ ക്രൂരപീഡനങ്ങൾക്കു വിധേയരായ അടിമകളായിരുന്നു മിര്യാമിന്റെ മാതാപാതാക്കന്മാർ. അപ്രകാരമുള്ള അടിമകളുടെ മകൾ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചേരുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. രാജകല്പനയെ മറുത്ത് മൂന്നുമാസം പ്രായമായ സ്വസഹോദരന്റെ ജീവനെ രക്ഷിക്കാൻ മിര്യാം കാട്ടിയ വിപദിധൈര്യത്തെ എത്രകണ്ടു പ്രശംസിച്ചാലും അതു അധികമായിപ്പോകയില്ല. ക്രൂരനായ ഫറവോന്റെ അടിമനുകത്തിൻകീഴിൽ നട്ടം തിരിഞ്ഞ ഇസ്രയേൽമക്കളുടെ വിമോചകനാണു തങ്ങൾക്കു പിറന്ന ഉണ്ണിയെന്ന ഉൾക്കാഴ്ചയായിരിക്കാം ആ പൈതലിനെ ഏതുവിധേനയും രക്ഷിക്കാൻ അവർ ഒരുമ്പെട്ടത്. അതല്ലെങ്കിൽ, പില്ക്കാലത്തു പ്രവാചകി എന്നറിയപ്പെട്ട മിര്യാമിനു എബ്രായരുടെ ദൈവം നല്കിയ ദീർഘദർശനമാകാം ആ സാഹസികയത്നത്തിന്റെ പിന്നിൽ പ്രവർത്തിച്ച പ്രേരകശക്തി. എന്തായാലും ഒന്നുറപ്പാണ്: ദൈവം ആ പൈതലിനോടു കൂടെ ഉണ്ടായിരുന്നു. ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ അസാധുവാക്കാൻ ഒരു ഭൗതികശക്തിക്കും സാധ്യമല്ല. കുടുംബബന്ധങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വജീവനെയും തൃണവദ്ഗണിച്ച് സഹോദരനെ രക്ഷിക്കുവാനും സംരക്ഷിക്കുവാനും വെമ്പൽ കൊണ്ട മിര്യാം നമുക്കൊരു നല്ല മാതൃകയാണ്. നൈൽ നദിയിൽ ഉപേക്ഷിക്കപ്പെട്ട പൈതൽ മാതൃസംരക്ഷണയിൽ വളർന്നില്ലായിരുന്നെങ്കിൽ അവൻ യോസേഫിനെ അറിയാത്ത മറ്റൊരു ക്രൂരനായ ഫറവോനായി പരിണമിക്കുമായിരുന്നു. തദ്വാരാ ഇസ്രയേലിന്റെ ചരിത്രം തിരുത്തിക്കുറിക്കപ്പെടുമായിരുന്നു! ഒരു ശിശുവിനെ സംബന്ധിച്ചിടത്തോളം 'രൂപം നല്കുന്ന വർഷങ്ങളായ'(formative years) ബാല്യകാലത്ത് ആണ് അവന്റെ സ്വഭാവ രൂപീകരണം സംഭവിക്കുന്നത്. ആ കാലഘട്ടത്തിൽ സ്വന്തം മാതാപിതാക്കളുടെ സംരക്ഷണയിലായിരുന്നതുകൊണ്ട് മോശെയ്ക്ക് യഹൂദജനതയുടെ നാഡിസ്പന്ദനം തിരിച്ചറിയാൻ കഴിഞ്ഞു. അതുകൊണ്ടാകണമല്ലോ ഫറവോന്റെ കൊട്ടാരത്തിലായിരുന്നിട്ടും ദൂരവ്യാപകമായ പ്രത്യാഘാത വഹിക്ക എന്നതായിരുന്നു അഹരോന്റെ ദൗത്യം. മിര്യാമാകട്ടെ, ഒരു പ്രവാചകിയും സ്ത്രീകൾക്കു ഒരു മാതൃകയും അതോടൊപ്പം അവരുടെ ഉപദേഷ്ടാവും വക്താവും നേതാവുമായി സേവനമനുഷ്ഠിക്കാൻ നിയുക്തയായ വ്യക്തിയായിരുന്നു. എന്തായിരുന്നാലും ഇസ്രയേലിന്റെ നടുനായകത്വം വഹിക്കുന്ന അവളുടെ സഹോദരന്മാരോടൊപ്പം സമുന്നതമായ ഒരു സ്ഥാനത്താണു നാം അവളെ കാണുന്നത്.

മിര്യാമിനെ ആദ്യമായി കാണുന്നത് പുറപ്പാട് രണ്ടാം അദ്ധ്യായം നാലാം വാക്യത്തിലാണ്. അവളുടെ പേര് അവിടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അതു മിര്യാം ആണെന്നു അനുമാനിക്കാം. യഹൂദചരിത്രകാരനായ ജൊസീഫസ് ആ സാദ്ധ്യതയെ സാധൂകരിക്കുന്നുണ്ട്. (Antiquities ii, 9,4). മോശെയുടെ സഹോദരനായ അഹരോൻ മോശെയെക്കാൾ മൂന്നു വയസ്സിനു മൂത്തതാണ്. മിര്യാമിന്റെ വയസ്സു പറയുന്നില്ലെങ്കിലും സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ അഹരോനേക്കാൾ അഞ്ചാറു വയസ്സിനു മൂത്തതായിരുന്നുവെന്ന് അനുമാനിക്കാം. നൈൽനദിയിൽ ഞാങ്ങണപ്പെട്ടകത്തിൽ നിക്ഷേപിക്കപ്പെട്ട സ്വസഹോദരന്റെ ഭാവി അവളുടെ കൈകളിലാണെന്നു മിര്യാം ചിന്തിച്ചിരിക്കാനിടയില്ല. പക്ഷേ, അവളുടെ പിഞ്ചു സഹോദരനെ രക്ഷിക്കാൻ വീണുകിട്ടിയ അവസരം ഒട്ടും പാഴാക്കാതെ പക്വതയുള്ള ഒരു നയതന്ത്രജ്ഞയുടെ പാടവത്തോടെ അവൾ പ്രവർത്തിച്ചതിന്റെ ഫലമായി വെള്ളത്തിൽനിന്നും വലിച്ചെടുക്കപ്പെട്ട സഹോദരനെ സ്വഭവനത്തിൽ തന്നെ വളർത്തുന്നതിനു ഇടയായി. ആ കാലയളവിൽ, തന്റെ പൈതൃകത്തെക്കുറിച്ചും തന്റെ സ്വജാതിക്കാർ ഫറവോന്റെ അടിമനുകത്തിൻകീഴിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഠിന പീഡയെക്കുറിച്ചും അവരുടെ വിമോചനത്തിന്റെ ആവശ്യകതയെക്കുറിച്ചും എല്ലാം അറിവു നല്കുന്നതിന് അവന്റെ മാതാപിതാക്കൾക്കു സാധിച്ചു. ആ അവബോധം ദുഷ്ക്കരമായ തന്റെ ദൗത്യത്തിന്റെ സ്തുത്യർഹമായ നിർവഹണത്തിനു നിദാനമാവുകയും ചെയ്തു.

ങ്ങളെ തൃണവദ്ഗണിച്ച് യഹൂദനുവേണ്ടി പ്രഭുവും ന്യായാധിപതിയും ആകാൻ താൻ തുനിഞ്ഞത്.

പേരെടുത്തുപറഞ്ഞ് മിര്യാമിനെ വേദപുസ്തകത്തിൽ ആദ്യമായി അവതരിപ്പിക്കുന്നത് ഇസ്രയേൽ ചെങ്കടൽ കടന്നശേഷം മിസ്രയീമിന്മേൽ ചെങ്കടലിൽ ഉണ്ടായ വിജയം ആഘോഷിക്കുന്ന വേളയിലാണ് (പുറ. 15: 20-21). അപ്പോഴേക്കും മിര്യാം ഇസ്രയേൽമക്കളുടെ, വിശിഷ്യ സ്ത്രീകളുടെ അനിഷേദ്ധ്യനേതാവായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞുവെന്നു കരുതാം.

അഹരോന്റെ സഹോദരി മിര്യാം എന്ന പ്രവാചകി എന്നാണു പുറപ്പാടു 15ന്റെ 20ൽ മിര്യാമിനെ നമുക്കു പരിചയപ്പെടുത്തുന്നത്. മറിയ എന്ന ഗ്രീക്കുപദത്തിന്റെ എബ്രായരൂപമാണു മിര്യാം. ആ പേരിനു മത്സരം, നിർബന്ധബുദ്ധി ഇത്യാദി അർത്ഥങ്ങളുണ്ട്. മിര്യാമിനു പ്രവചന വരം ഉണ്ടായിരുന്നു. പഴയനിയമത്തിൽ പ്രവാചകി എന്നു ആദ്യം വിളിക്കപ്പെട്ടത് മിര്യാമാണ്. അതിനുശേഷം ദെബോരാ, ഹുൽദാ, നോവദ്യ എന്നിവരും പഴയനിയമത്തിൽ പ്രവാചകിമാരായി അറിയപ്പെടുന്നു. മോശെ, അഹരോൻ എന്നിവരോടൊപ്പം മിര്യാമിനും ഇസ്രയേലിന്റെ മരുഭൂമി പ്രയാണത്തിൽ നിർണ്ണായകമായ ഒരു പങ്കുണ്ടായിരുന്നു. മോശെയുടെ കരങ്ങൾക്കു ശക്തി പകർന്ന (പുറ. 17:10,12) ഹൂരിന്റെ ഭാര്യയായിരുന്നു മിര്യാമെന്ന് യഹൂദചരിത്രകാരനായ ജൊസീഫസ് അഭിപ്രായപ്പെടുന്നു. തൊണ്ണൂറിലധികം വയസ്സു പ്രായമുള്ള വന്ദ്യവയോധികയായ മിര്യാമും അവളെ അനുഗമിച്ച സ്ത്രീകൾ എല്ലാവരും തപ്പുകളോടെ പ്രതിഗാനം ചെയ്തു. മരംകൊണ്ടുള്ള ചട്ടക്കൂട്ടിൽ രണ്ടുവശങ്ങളിലും തോലുകൊണ്ടു നിർമ്മിച്ചിട്ടുള്ളതും പാട്ടിനും നൃത്തത്തിനും താളസൂചകമായി അധികവും സ്ത്രീകൾ ഉപയോഗിച്ചിരുന്നതും ആയ ഒരു ചെറിയ ചെണ്ടയാണ് തപ്പ്.


രണ്ടാമതായി മിര്യാമിനെ നാം കണ്ടുമുട്ടുന്നത് സംഖ്യാപുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിലാണ്. കുഞ്ഞനുജനു കാവൽനിന്നു രക്ഷിക്കയും ഇസ്രയേലിന്റെ അനിഷേദ്ധ്യ നേതാവിനൊപ്പം മിസ്രയീമ്യരുടെമേൽ ദൈവത്തിന്റെ ജയം പ്രകീർത്തിക്കുന്ന ഗാനത്തിനു ഇസ്രയേല്യവനിതകളെക്കൊണ്ട് പ്രതിഗാനം പാടിക്കയും അവരോടൊപ്പം നൃത്തം ചെയ്കയും ചെയ്ത മിര്യാമിനെ തികച്ചും വ്യത്യസ്തമായ നിലയിലാണ് നാമിവിടെ കാണുന്നത്. അഹരോന്റെ പിൻതുണയോടെ അവൾ മോശെയുടെ നേതൃത്ത്വത്തിനെതിരേ വെല്ലുവിളി മുഴക്കുന്നു. മോശെയുടെ ഉന്നമനത്തിനും സ്ഥാനലബ്ധിക്കും വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച അതേ മിര്യാം ഒരുപക്ഷേ, മോശെയുടെ ഭാര്യ, തന്റെ സ്ഥാനം അപഹരിക്കുമോ എന്നു ഭയന്നായിരിക്കാം അധികാരവടംവലിക്കു ചരടുപിടിച്ചത്. അമ്മാവിയമ്മപ്പോരും നാത്തൂൻപോരും അന്നും നിലനിന്നിരുന്നുവെന്നുവേണം ചിന്തിക്കുവാൻ. അഹരോനും തന്റെ ഇളയ സഹോദരനു ലഭിച്ച അംഗീകാരത്തിൽ അല്പം അസൂയ തോന്നിക്കൂടെന്നില്ലല്ലോ. ദൈവകോപം അവരുടെ നേരേ ജ്വലിച്ചു. മിര്യാമിനെ കുഷ്ഠം ബാധിച്ചു. നിരന്തരം പരാതിമാത്രം പറയുന്ന ഒരു ജനതയെ നയിക്കുന്ന തങ്ങളുടെ ഇളയ സഹോദരനായ മോശെയ്ക്കു ആവുന്നത്ര ധാർമ്മികപിൻതുണ നല്കുവാൻ ബാധ്യസ്ഥരായ സഹോദരനും സഹോദരിയും തനിക്കെതിരായി മത്സരിച്ച് കലഹക്കാരുടെ പക്ഷംചേർന്നത് മോശെയെ വല്ലാതെ തളർത്തിയിരിക്കും. ലോകത്തിലേക്കും സൗമ്യനായ മോശെ അവർക്കെതിരേ ഒരു അച്ചടക്കനടപടിയും എടുത്തതായി കാണുന്നില്ല. എന്നാൽ ദൈവം മോശെയ്ക്കുവേണ്ടി ശിക്ഷാനടപടി സ്വീകരിച്ചു. ദൈവത്തിനു ഏറ്റവും പ്രിയങ്കരനായ മോശെയ്ക്കു എതിരായി സംസാരിക്കുവാൻ മിര്യാമും അഹരോനും മുതിർന്നത് ഒട്ടും ന്യായീകരിക്കാവുന്നതല്ല. മിര്യാമിനും അഹരോനും പ്രത്യേക ശുശ്രൂഷകൾ ദൈവം നല്കിയിരുന്നു. എന്നാൽ ഇസ്രയേലിന്റെ നേതൃത്ത്വം ദൈവം മോശെയ്ക്കാണു നല്കിയിരുന്നത്.

ഈ വേദഭാഗത്തുനിന്ന് നമുക്കു നിരവധി പാഠങ്ങൾ പഠിക്കുവാനുണ്ട്. ദൈവം ഓരോരുത്തർക്കും വ്യത്യസ്തമായ കഴിവുകളും ഉത്തരവാദിത്തങ്ങളും പദവികളും ആണ് നല്കിയിരി

*ശേഷം 26-ാം പേജിൽ*

# ഐസാ ബാത്ത് സുനാ നഹി

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



**“പാ**തിരി സാഹിബ്, സൻകറിയാ ഇഥർ ഹെ, വൊ ആപ്സെ മിൽനാ മാംഗ്താ ഹെ”.

*(പട്ടക്കാരൻ സാറെ, സൻകറിയാ ഇവിടെ ഉണ്ട്. അയാൾക്ക് നിങ്ങളെ കാണണമെന്ന് ആഗ്രഹമുണ്ട്).*

“ഠീക് ഹെ, ഇൻസാം ഹൊ ജായഗാ ബോലോ ഇസ്കോ”.

*(ശരി ക്രമീകരിക്കാമെന്ന് അവനോട് പറയൂ).*

ജയിലിലെ പ്രസംഗം കഴിഞ്ഞ് പരിസരങ്ങളൊക്കെ ചുറ്റിക്കാണിക്കുന്ന ജയിൽ സൂപ്രണ്ട് വാർത്തയുമായി വന്ന വാർഡനെ പറഞ്ഞയച്ചു. ജയപ്പൂർ സെൻട്രൽ ജയിലും പരിസരങ്ങളും ഞാൻ നടന്നു കണ്ടു. ഭംഗിയായി സംവിധാനം ചെയ്തിട്ടുണ്ട്. വൃത്തിയായി സൂക്ഷിക്കുന്നുമുണ്ട്. ഒരു മാതൃകാ ജയിൽ എന്ന് ബോർഡുവച്ചാൽ ഒട്ടും അധികപ്പറ്റാവുകയില്ല.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ “തടവുകാരെ തേടി” എന്ന പുസ്തകത്തിൽ നിന്നും**

ജയിലിൽ അന്ന് 1300 തടവുകാരുണ്ടായിരുന്നു. സൂപ്രണ്ട് ഞങ്ങളെ സദസ്സിന് പരിചയപ്പെടുത്തി. സ്വാഗതവും പറഞ്ഞു. രാജസ്ഥാൻ ബൈബിൾ സ്കൂളിലെ വിദ്യാർത്ഥികൾ സംഗീത ഉപകരണങ്ങളുമായി വന്ന് നല്ല ചില ഹിന്ദിപ്പാട്ടുകൾ പാടി. ഓരോ പാട്ടുകഴിയുമ്പോഴും തടവുകാർ കൈയടിക്കുന്നുണ്ടായിരുന്നു. ഞങ്ങളുടെ കൂട്ടത്തിലെ ഒരു ചെറുപ്പക്കാരൻ ഒരിക്കൽ ജയിൽ ശിക്ഷ അനുഭവിക്കുകയും അവിടെവച്ച് മാനസാന്തരത്തിലേക്ക് വരികയും ചെയ്തവനായിരുന്നു. അവൻ മൈക്കിന്റെ മുമ്പിലേക്കു വന്ന് അവന്റെ അനുഭവം വിവരിച്ചുപറഞ്ഞു. ചില തടവുകാർ കണ്ണീരൊപ്പുന്നു. ചിലർ കാതുകൂർപ്പിച്ചു കേൾക്കുന്നു. ചിലർ മൂക്കത്ത് വിരൽവെയ്ക്കുന്നു. ചിലർ തലയ്ക്ക് കൈകൊടുത്തിരിക്കുന്നു. മൊട്ടുസൂചി നിലത്തുവീണാൽ കേൾക്കാവുന്നത്ര നിശബ്ദത. കലഹക്കാരനും തല്ലുകാരനും തെമ്മാടിയും മദ്യപാനിയുമായ അവൻ മാനസാന്തരപ്പെട്ട കഥ സരസമായും നാടകീയമായും വിവരിച്ചു. അതാ ഒരു പാട്ടിന്റെ ഈരടിയോടെ അവസാനിപ്പിക്കുന്നു.

“ജബ്സേ മേരേ യീശു ആയാ
മേരാ ജീവൻ ബതൽ ഗയാ”
(യേശു എന്നുള്ളത്തിൽ വന്ന നാളിൽ
എന്തു മാറ്റം വന്നു എന്നിൽ)

അന്തരീക്ഷം വളരെ അനുകൂലമായിരുന്നു. എന്റെ സ്നേഹിതൻ എന്നെ സദസ്സിന് പരിചയപ്പെടുത്തി. “ഇദ്ദേഹം തന്റെ സമയത്തിന്റെ അധികപങ്കും നമ്മെപ്പോലെയുള്ള ജയിൽ പുള്ളികളുടെ കൂടെ ലോകത്തിന്റെ പല രാജ്യങ്ങളിലായി ചെലവഴിക്കുന്ന ആളാണ്. നമ്മുടെ വേദനയും പ്രശ്നവും നന്നായി അറിയാവുന്ന ആളാണ്. ആശ്വാസത്തിനും സമാധാനത്തിനും വഴി പറഞ്ഞുതരുവാൻ കഴിവുണ്ട്. നിങ്ങൾ കേൾക്കണം. പേര് കുഞ്ഞുമോൻ ചാക്കോ, കേരളനാട്ടുകാരനാണ്.” കൈയടിയുടെ ശബ്ദമുയർന്നു. ഞാൻ മൈക്കിന്റെ മുമ്പിൽ വന്നു കൈക്കൂപ്പി ‘നമസ്തെ’ എന്നു പ്രതിവചിച്ചു.

സ്റ്റേജിലിരിക്കുമ്പോൾ അല്പം ഭയം എനിക്കുണ്ടായിരുന്നു. ഞാനൊരു വ്യത്യസ്തമായ ചുറ്റുപാടിലാണ്. സുവിശേഷം പ്രസംഗിക്കുവാൻ ആദ്യമായി വന്നവരെ തല്ലുകയും ചിലരെ തടവിലാക്കുകയും ചെയ്ത നാടാണ്. അങ്ങനെ

ചിലരെ ഇട്ട ജയിലിലാണ് ഞാൻ അതേ സുവിശേഷം പ്രസംഗിക്കുവാൻ എത്തിയിരിക്കുന്നത്. മതഭ്രാന്തരായ ചിലർ ആ കൂട്ടത്തിൽ കാണും. യുക്തിവാദികളും നിരീശ്വരന്മാരും കാണും. അധികവും പഠിപ്പില്ലാത്തവരായിരിക്കും. വല്ല വൈഷമ്യവുമുണ്ടായാൽ എന്തു ചെയ്യും? തീർച്ചയായും ചിലപ്പോഴൊക്കെ ഞാൻ അല്പം വിയർക്കുകയും നാവ് ഉണങ്ങുന്നതു പോലെ തോന്നുകയും ചെയ്തു. ഞാൻ വളരെ പ്രാർത്ഥനയോടെയാണ് ഇരുന്നത്. ചില പാട്ടുകളൊക്കെ കഴിഞ്ഞപ്പോൾ ചിലരെല്ലാം കുശുകുശുക്കുന്നത് കേൾക്കാമായിരുന്നു. യെ വാലാ ഈസായി ഹെ (ഇവരെല്ലാം ക്രിസ്ത്യാനികളാണ്), പ്രചാരക് ഹെ (മതപ്രചാരകന്മാരാണ്), ബൈബിൾ വാലാ ഹെ (വേദപുസ്തക സംഘം) ഓരോ വാക്കും എന്റെ നാഡീസ്പനന്ദനം വർദ്ധിപ്പിച്ചു.

സഭാകമ്പത്തെ അതിജീവിച്ചുകൊണ്ട് ഞാൻ ആരംഭിച്ചു: "സ്നേഹമുള്ള സഹോദരന്മാരെ" അനുഭവസാക്ഷ്യം പറഞ്ഞ ഹിന്ദിക്കാരൻ പരിഭാഷപ്പെടുത്തി. അഭിസംബോധന ഇഷ്ടപ്പെട്ടിട്ടായിരിക്കും എല്ലാവരും കൈയ്യടിച്ചത്. ആരുണ്ട് 'കള്ളനും മുണ്ടിയറപ്പന്മാരുമായ' നമ്മളെ 'സഹോദരന്മാർ' എന്നു വിളിക്കുവാൻ എന്നു പക്ഷെ ചിന്തിച്ചോ എന്തോ. പാപങ്ങളെ സൗജന്യമായി ക്ഷമിച്ച് പുതിയ ജീവിതത്തെ സമ്മാനിക്കുന്ന ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് ഞാൻ 35 മിനിട്ട് സംസാരിച്ചു. യേശുക്രിസ്തുവിന്റെ അടുക്കൽ പിടിക്കപ്പെട്ടുകൊണ്ടുവന്ന ഒരു വേശ്യാസ്ത്രീയും അവളെ എറിയുവാൻ കല്ലുമായി വന്ന മതനേതാക്കളെയും, പോകുക ഇനി മേലാൽ പാപം ചെയ്യരുത് എന്ന് പറഞ്ഞ യേശുവിന്റെ സ്നേഹവുമായിരുന്നു പ്രസംഗത്തിലെ 3 പോയിന്റുകൾ. ഞാൻ പ്രസംഗം അവസാനിപ്പിക്കുമ്പോൾ 2 ചോദ്യങ്ങൾ ചോദിച്ചു. ഈ സംഭവം രേഖപ്പെടുത്തിയിട്ടുള്ള പുസ്തകം നിങ്ങളുടെ ഭാഷയിൽ ഞങ്ങളുടെ കൈയിലുണ്ട്. സൗജന്യമായി തരുവാനാണ്. താല്പര്യമുള്ളവർ ഒന്ന് കൈ ഉയർത്താമോ? 95 ശതമാനം തടവുകാരും എല്ലാ ഉദ്യോഗസ്ഥന്മാരും കൈകളുയർത്തി. ഒരു ചെറുപ്പക്കാരൻ രണ്ടു കൈകളും ഉയർത്തി മുന്നിലിരുന്നിരുന്നു. "കൈ ഉയർത്താത്തവർ വായിക്കാൻ അറിയാത്തവരാണ്" എന്ന് സൂപ്രണ്ട് പിന്നീട് എന്നോട് പറഞ്ഞു. രണ്ടാമത്തെ ചോദ്യം അല്പം ശാന്തമായി ഞാൻ ചോദിച്ചു. പാപങ്ങളെ സൗജന്യമായി ക്ഷമിച്ച് പുതുജീവിതം നല്കുവാൻ മനസ്സുള്ള യേശുക്രിസ്തുവുമായി ബന്ധപ്പെടുവാനും പാപങ്ങൾക്ക് പരിഹാരം ലഭിക്കുവാനും താല്പര്യമുള്ളവർ ആരെല്ലാമുണ്ട്? പകുതിയിലധികം ആളുകൾ കൈകളുയർത്തി. ഒരു ചെറിയ പ്രാർത്ഥന ഹിന്ദി സഹോദരൻ പറഞ്ഞു കൊടുത്തു പ്രാർത്ഥിച്ചു. തടവുകാരുടെ പ്രതിനിധിയായി ഒരാൾ സ്റ്റേജിൽ വന്ന് കൃതജ്ഞത പറഞ്ഞു.

ഞാൻ വാതിൽക്കൽ പോയി പതിവായി ചെയ്യുന്നതുപോലെ ഓരോ തടവുകാരനും കൈകൊടുത്ത് യാത്ര പറഞ്ഞു. എല്ലാ തടവുകാരും ഒരുകാര്യം മാത്രമാണ് എന്നോട് പറഞ്ഞത്:

'സാബ് ഭിർ ആയിയേഗാ' (സാറെ വീണ്ടും വരണമെ) അടുത്ത വാതിലിൽ സഹപ്രവർത്തകർ ഹിന്ദി പുതിയ നിയമം ഓരോരുത്തർക്കും നല്കി. ചിലർ ആ പുസ്തകത്തിൽ ചുംബിക്കുന്നുണ്ടായിരുന്നു.

രണ്ടു കൈയ്യും ഉയർത്തിയ ചെറുപ്പക്കാരൻ എന്റെ അടുത്തു വന്നു. "എനിക്ക് രണ്ടു പുസ്തകം വേണം. ഒന്ന് എനിക്ക് വായിക്കുവാനും ഒന്ന് വീട്ടിലേക്ക് അയച്ചുകൊടുക്കുവാനും".

അഭ്യസ്തവിദ്യനായ സൂപ്രണ്ട് എന്നോട് ഇങ്ങനെ പറഞ്ഞു. "1300 തടവുകാരിൽ ആരെങ്കിലും ഇതിനുമുമ്പ് ഒരു പുതിയ നിയമം കണ്ടിട്ടുള്ളവരായിരിക്കയില്ല". ആ പുസ്തകം തീർച്ചയായും പലരിലും പുതിയ വെളിച്ചം നല്കുമെന്നദ്ദേഹം പറഞ്ഞു. "ഹൈന്ദവനായ എന്നെ ബൈബിൾ വായിക്കുവാൻ പ്രോത്സാഹിപ്പിച്ചത് ഒരു കോളേജ് അദ്ധ്യാപകനായിരുന്നു". താൻ കൂട്ടിച്ചേർത്തു.

ഞങ്ങൾ സൻകറിയയുടെ സെല്ലിനു മുമ്പിൽ എത്തി. സാധാരണ ആരു കാണാൻ വന്നാലും വഴിപ്പെടുന്ന ആളല്ല ഇവൻ. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ആളുകളെ കൊന്ന കുപ്രസിദ്ധനായ ആളാണ് ഇവൻ. മൈക്കിലൂടെ പാട്ടും

പ്രസംഗവും കേട്ടതിലുണ്ടായ പ്രതികരണമാണ് അവൻ എന്നെ വിളിപ്പിക്കുവാൻ കാരണം. ജയിൽ ചാടുവാൻ സമർത്ഥനായിരുന്നതിനാൽ അകത്തെ തടവിലാക്കി കാൽ ആമത്തിലും ഇട്ടിരിക്കുക യാണ്. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട് ദിവസങ്ങൾ എണ്ണിക്കൊണ്ട് കഴിയുകയായിരുന്നു അവൻ. കഷ്ടിച്ച് അഞ്ചടി പൊക്കം കാണും. ഉരുക്ക് പോലെ യുണ്ട് ശരീരം. കപ്പടാ മീശ ആരെയും ഭയപ്പെടു ത്തും. "യേശു എന്റെ പാപവും ക്ഷമിക്കുമോ?" അവൻ ചോദിച്ചു. "തീർച്ചയായും" എന്നു ഞാൻ പറഞ്ഞു. അവൻ ആ മുറിയിൽ ഇരുന്നുകൊണ്ട് പാപമോചനത്തിനായി അപേക്ഷിച്ചു. എന്റെ കൂടെ യുണ്ടായിരുന്ന ഹിന്ദി സഹോദരനാണ് പ്രാർത്ഥന ചൊല്ലിക്കൊടുത്തത്. അവന് കൈകൊടുത്ത് പിരി യുവാൻ നിയമം അനുവദിച്ചിരുന്നില്ല. ഞങ്ങൾ യാത്ര പറഞ്ഞു പിരിയുമ്പോൾ ആ നാല്പതുകാ രനെ ഇനി കാണുകയില്ലല്ലോ എന്നു ഞാൻ ഓർത്തു. അവൻ പുഞ്ചിരിയോടെ പറഞ്ഞ വാക്കു കളാണിത്: "ഭിർ മിലേഗാ" (പിന്നെ കാണാം). പാപ മോചനവും പ്രത്യാശയും ഉള്ളവനായി ഒരാഴ്ച യക്കു ശേഷം സൻകറിയ കൊലമരത്തിലേക്ക് പോയി. സൻകറിയായെ ഒരു ദിവസം ഞാൻ കാണും - യേശുക്രിസ്തു വരുമ്പോൾ.

ജയിലിന്റെ വാതിൽക്കൽ എത്തിയ ഞങ്ങളെ ഓരോരുത്തരെയും സുരക്ഷിത പരി ശോധന നടത്തി പുറത്തു വിടുമ്പോൾ ഒരു ജയിൽ ഉദ്യോഗസ്ഥൻ പറയുന്നതു കേട്ടു:

"ഐസാ ബാത്ത് സുനാ നഹി
ഐസാ കിതാബ് ദേഖാ നഹി"

*(ഇതുപോലൊരു കഥ കേട്ടിട്ടില്ല. ഇതുപോലൊരു പുസ്തകം കണ്ടിട്ടില്ല).* ◉

---

*പേജ് 7 ന്റെ തുടർച്ച* ("രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു")

വീർപ്പിടുന്നു; മറ്റുള്ളവരുടെ നന്മ കണ്ട് അസൂ യപ്പെടുന്നു. എല്ലാ മനുഷ്യരും ദൈവം തന്റെ മഹത്ത്വത്തിനായി മനോഹരമായി സൃഷ്ടിക്ക പ്പെട്ടവരാണ്. എന്നാൽ വ്യത്യസ്തമായ താല ന്തുകളാണ് ദൈവം നമുക്കു തന്നിട്ടുള്ളത്. നാം അതു മനസ്സിലാക്കി ഉടമസ്ഥനു പ്രയോജനമു ള്ളവരായി ജീവിക്കാം. പകലിന്റെയും രാത്രിയു ടെയും അനുഭവം നമ്മുടെ ജീവിതത്തിൽ ഉണ്ടാ കും. ഏതവസ്ഥയിലും ദൈവമുഖത്തേക്കു നോക്കുക. ദൈവത്തിന്റെ പ്രവൃത്തികൾ കാണുക. ദൈവത്തിന്റെ സൃഷ്ടിമാഹാത്മ്യം ദർശിക്കുക. എന്നാൽ നാം കൃതാർത്ഥരാകും.

ക്രിസ്തുവിലുള്ള വിശ്വാസത്തിനു വേണ്ടി കഷ്ടത അനുഭവിക്കുന്ന അനേകം കുടുംബങ്ങൾ ഇന്നു ഭൂമിയിലുണ്ട്. രാത്രിയുടെ അനുഭവത്തിലൂടെ കടന്നുപോകുമ്പോൾ നാം ഓർക്കേണ്ടത് ഈ രാത്രി വേഗം തീർന്നു പോകും. പകൽ ഏറ്റം അടുത്തിരിക്കുന്നു. കിഴക്ക് ഉദയനക്ഷത്രം പ്രത്യക്ഷപ്പെടാൻ സമ യമായി. ഉദയ നക്ഷത്രം കർത്താവായ യേശു ക്രിസ്തുവിനെ സൂചിപ്പിക്കുന്നതിനാൽ നീതിസൂര്യനായ ക്രിസ്തു വെളിപ്പെടാറായി. പ്രിയ ദൈവമക്കളേ നമ്മെ സ്വീകരിപ്പാൻ വാന മേഘങ്ങളിൽ വരുന്ന നമ്മുടെ പ്രിയനെ എതി രേല്പാനായി ഒരുങ്ങാം.

"ആകാശം ദൈവത്തിന്റെ മഹത്ത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പക ലിന്നു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു". ◉

***"നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു;
അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;
അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു"***

**(വിലാപങ്ങൾ 3:22, 23)**

# ദാമ്പത്യം: നല്ല തുടക്കവും നല്ല അവസാനവും



ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ

നല്ല തുടക്കവും നല്ല മുന്നേറ്റവും ഉണ്ടായാൽ മാത്രമേ നല്ല നിലയിൽ കുടുംബജീവിതം പര്യവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന സത്യം നാം മനസ്സിലാക്കിയിരിക്കണം. എന്നാൽ നല്ല തുടക്കത്തിനും നല്ല മുന്നേറ്റത്തിനും നല്ല ഒരുക്കം അത്യന്താപേക്ഷിതമാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ.

ഒരു യുവാവോ യുവതിയോ കുടുംബജീവിതത്തിനുവേണ്ടി തയ്യാറാക്കപ്പെടുന്നത് തങ്ങളുടെ മാതാപിതാക്കളുടെ കുടുംബജീവിതം എന്ന പാഠശാലയിലാകുന്നു. അവിടെയാണ് ഭാര്യ-ഭർതൃസ്നേഹം, സ്നേഹനിർഭരമായ ആശയവിനിമയം, പരസ്പരക്ഷമ, കരുതൽ, കൂടിയാലോചനകൾ, തീരുമാനമെടുക്കൽ ഇതെല്ലാം മക്കൾ പഠിക്കുന്നത്. ഈ പാഠശാലയിൽ പഠിക്കുന്ന തെറ്റായ പാഠങ്ങളാണ് മുഖ്യമായും മക്കളുടെ കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. ഈ സത്യം മനസ്സിലാക്കി സ്വന്തകുടുംബജീവിതങ്ങൾ ആത്മീയമായി ക്രമപ്പെടുത്താൻ എല്ലാ മാതാപിതാക്കളും ബദ്ധശ്രദ്ധരാകേണ്ടതാണ്.

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ “സന്തുഷ്ട ക്രിസ്തീയ കുടുംബം” എന്ന പുസ്തകത്തിൽ നിന്നും**

നാം അറിയുന്നതുപോലെ നല്ല ആത്മീയ അന്തരീക്ഷമുള്ള ഒരു വിശ്വാസഭവനത്തിലായിരുന്നു യിസ്ഹാക്ക് വളർന്നത്. യുവത്വത്തിൽത്തന്നെ ധ്യാനത്തിൽ സമയം ചെലവഴിക്കുന്നതിന്റെ ആവശ്യകത താൻ മനസ്സിലാക്കിയിരുന്നു (ഉത്പത്തി 24:63). ദൈവഹിതത്തിനുവേണ്ടി ഏതാണ്ട് ആറു മാസത്തോളം കാത്തിരിക്കാനുള്ള ക്ഷമ തനിക്കുണ്ടായിരുന്നു. തനിക്കുവേണ്ടി വർഷങ്ങളോളം കാത്തിരുന്ന അബ്രഹാമിന്റെ സ്വഭാവം യിസ്ഹാക്ക് മനസ്സിലാക്കിയിരുന്നു. അബ്രഹാമിനെപ്പോലെ കൂടാരവാസം യിസ്ഹാക്കിനും തൃപ്തികരമായിരുന്നു. റിബെക്കയെ ബഹുമാനപുരസ്സരം സ്വീകരിക്കാൻ തനിക്കു സന്മനസ്സായിരുന്നു. ഒരു പക്ഷേ താൻ ജനിച്ച വിശ്വാസത്തിന്റെ കൂടാരത്തിൽ തന്നെ ആയിരുന്നു റിബെക്കയുമായി അദ്ദേഹം കുടുംബജീവിതം ആരംഭിച്ചത് (ഉത്പത്തി 24:62–67).

മാത്രമല്ല, നല്ല ഒരു പ്രാർത്ഥനാ മനുഷ്യൻ കൂടിയായിരുന്നു യിസ്ഹാക്ക്. ശാരീരിക പ്രശ്നങ്ങൾ (അവൾ മച്ചിയായിരുന്നുവല്ലോ) അനുഭവിച്ച തന്റെ പ്രിയതമയെ കുറ്റം പറയുന്നതിനുപകരം നീണ്ട 20 വർഷക്കാലം യിസഹാക്ക് അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഉത്തരം കിട്ടുന്നതുവരെയും താൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എല്ലാത്തിനു വേണ്ടിയും പ്രാർത്ഥിക്കുന്ന ഭർത്താവിന് പ്രാർത്ഥിക്കുന്ന ഭാര്യയെ കിട്ടിയതിലും റിബെക്ക ഒരു പ്രാർത്ഥനക്കാരിയായതിലും അതിശയമില്ല (ഉത്പത്തി 25:21–23). പ്രാർത്ഥിക്കുന്ന ഭാര്യമാരും പ്രാർത്ഥിക്കുന്ന ഭർത്താവിനെ ലഭിച്ചാൽ അതും പ്രത്യേക അനുഗ്രഹമായിരിക്കും.

അവരുടെ ഭാര്യാഭർതൃബന്ധം മറ്റുള്ളവരെ അതിശയിപ്പിക്കുമാറ് സന്തോഷം നിറഞ്ഞതുമായിരുന്നു (ഉത്പത്തി 26:8). വിവാഹം കഴിഞ്ഞ് 25 ഓളം വർഷങ്ങൾക്കുശേഷവും അവർക്ക് വളരെ ഊഷ്മളമായ ഒരു ബന്ധം നിലനിർത്താൻ സാധിച്ചിരുന്നു. ഇതൊക്കെയാണെങ്കിലും അബ്രഹാമിന്റെ കുടുംബജീവിത

ത്തിൽ നിന്നും ചില ദുഃഖകരമായ പാഠങ്ങളും യിസ്ഹാക്ക് പഠിക്കുവാനിടയായി. ക്ഷാമം എന്ന പരീക്ഷ വന്നപ്പോൾ അബ്രഹാമിനെപ്പോലെ യിസ്ഹാക്കും ലോകത്തിലേക്കു താണിറങ്ങിപ്പോകുവാനും വലിയ വിപത്തിന്റെ വക്കിൽ വരെ എത്തുവാനും ഇടയായി (ഉത്പത്തി 26:1-11). മാത്രമല്ല പിതാവിനെപ്പോലെ തന്റെ ഭാര്യയെക്കുറിച്ച് വ്യാജം പറയുവാനും തദ്വാരാ തന്റെ സ്വാർത്ഥത വെളിപ്പെടുത്തുവാനും യിസ്ഹാക്കിന് ഇടയായി.

മാതാപിതാക്കന്മാർ തെറ്റായ കാര്യങ്ങൾ വിതച്ചാൽ അവർ തന്നെയോ മക്കളോ മക്കളുടെ കുടംബങ്ങളോ ഒക്കെ അതിന്റെ ഫലം കൊയ്യും എന്ന സത്യം മറക്കരുത്. ആകയാൽ എല്ലാവരും ഭയത്തോടെ ജീവിച്ച് മക്കളുടെ മുമ്പിൽ നല്ല മാതൃകകളായിരിപ്പാൻ ശ്രദ്ധിക്കേണ്ടതാണ്. സന്തുഷ്ടകരവും ദൈവികവുമായ കുടുംബജീവിതം നയിക്കാൻ മക്കൾക്ക് നല്ല മാതൃക കാണിച്ച് അവരെ അതിനായി ഒരുക്കി വിവാഹവേദിയിലേക്കു നയിക്കാൻ മാതാപിതാക്കൾക്കിടയാകണം. പിതാവ് മാതാവിനെ സ്നേഹിക്കുന്നത് കണ്ടുവേണം ആൺമക്കൾ അവരുടെ ഭാര്യമാരെ സ്നേഹിക്കാൻ പഠിക്കേണ്ടത്. അതുപോലെ മാതാവ് പിതാവിനെ ബഹുമാനിക്കുകയും ഭർത്താവിന് കീഴ്പെടുകയും ചെയ്യുന്നതു കണ്ടുവേണം പെൺമക്കൾ തങ്ങളുടെ ഭർത്താക്കന്മാരെ ബഹുമാനിക്കാൻ പഠിക്കേണ്ടത്. ഈ ഓർമ്മയോടുകൂടിയ കുടുംബങ്ങളിലായിരിക്കണം നമ്മുടെ മക്കൾ ജനിക്കേണ്ടതും വളരേണ്ടതും. അതിനുള്ള തയ്യാറെടുപ്പും സമർപ്പണവും എല്ലാ ദമ്പതികൾക്കും ഉണ്ടായിരിക്കണം.

വിവാഹശുശ്രൂഷാവേളകളിൽ സാധാരണ വായിക്കാറുള്ള ആശംസാ സങ്കീർത്തനമാണല്ലോ 128. അതിൽ പറയുന്ന ഭാഗ്യവാന് ഫലപ്രദമായ മുന്തിരിവള്ളിപോലെയുള്ള ഭാര്യയെയും മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയുള്ള മക്കളെയും വാഗ്ദത്തം ചെയ്തിട്ടുണ്ട്. പക്ഷേ ഇദ്ദേഹം ഭാഗ്യവാൻ ആകണമെങ്കിൽ ദൈവത്തെ ഭയപ്പെട്ട് ദൈവിക വഴികളിൽ നടക്കുന്നവനായിരിക്കണം (വാക്യം 1) ഇത്തരം ഒരു ആത്മീയ കുടുംബത്തിൽ വളർത്തപ്പെടുക എന്നതാണ് കുടുംബജീവിതത്തിനായുള്ള ഏറ്റവും അഭികാമ്യമായ ഒരുക്കം.

കുടുംബജീവിതത്തിന്റെ പരിപാവനത എല്ലാ വിശ്വാസികളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള സ്വർഗ്ഗീയബന്ധത്തെ വരച്ചു കാണിക്കുന്ന ഒരു രൂപസാദൃശ്യമാണ് വിവാഹവും കുടുംബജീവിതവും (എഫെസ്യർ 5:31-32). ക്രിസ്തു ആത്മമണവാളനും സഭ ക്രിസ്തുവിന്റെ പ്രിയതമയുമായാണ് വചനം ചിത്രീകരിച്ചിരിക്കുന്നത്. പ്രിയനും പ്രിയയും എന്ന നിലയിലാണ് ക്രിസ്തുവും സഭയും വർത്തിക്കുന്നത്. ഈ ബന്ധത്തിന്റെ ലോകത്തിലെ രൂപസാദൃശ്യമാണ് കുടുംബജീവിതം. ഈ സത്യം മനസ്സിലാക്കി ആയിരിക്കണം ഓരോ വിശ്വാസിയും കുടുംബജീവിതത്തിലേക്കു പ്രവേശിക്കേണ്ടത്. ഒരു വിശ്വാസിയുടെ കുടുംബ ജീവിതം ഈ വിലയേറിയ സത്യത്തിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതൊരു സ്വർഗ്ഗീയ വിളി ആകയാൽ അതിനനുസരിച്ച് ജീവിക്കാൻ നാം കടപ്പെട്ടിരിക്കുന്നു (1 കൊരിന്ത്യർ 7:20, മത്തായി 19:11).

ഈ ലോകത്തിലെ ജനതതിയിൽ നിന്നു ദൈവം രണ്ടുപേരെ (ഒരു പുരുഷനെയും ഒരു സ്ത്രീയെയും) തിരഞ്ഞെടുത്തു കുടുംബത്തിൽ വസിക്കുമാറാക്കുന്നു. ഇത് ദൈവികമായ ജ്ഞാനത്തിൽ നിന്നും ഉളവാകുന്ന ഒരു യാഥാർത്ഥ്യം ആകുന്നു. ദൈവം ഇവരെ അന്യോന്യം ദൈവീക ദാനമായി കൊടുക്കുകയാണ് (സദൃശവാക്യങ്ങൾ 18:22). ദൈവം തരുന്ന ഈ ദാനത്തെ നന്മയായി സ്വീകരിച്ച് ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ജീവിക്കുമ്പോഴാണ് ദൈവിക നിർണ്ണയം ഒരു വിശ്വാസിയുടെ കുടുംബജീവിതത്തിൽ യാഥാർത്ഥ്യം ആകുന്നത്. അതിനായി ഓരോ ക്രിസ്തീയ കുടുംബവും വിളിക്കപ്പെട്ടിരിക്കുന്നു. ഭാര്യ ഭർത്താവിന് ദൈവം നല്കുന്ന ഒരു കിരീടവും (സദൃശവാക്യങ്ങൾ 12:4). ഭർത്താവ് ഭാര്യയ്ക്കു

ഒരു വിശ്രമസ്ഥലവും ആകുന്നു എന്ന് ബൈബിൾ പറയുന്നു (രൂത്ത് 3:1). ഈ സത്യങ്ങൾ വിളിച്ചറിയിക്കുന്ന ദൈവിക സ്ഥാപനമാണ് കുടുംബം. ഇവ്വിധ ദൈവിക നിർണ്ണയങ്ങളെ തകർക്കാനാണ് ശത്രുവായ സാത്താൻ കുടുംബങ്ങളെ പൊതുവായും ക്രിസ്തീയ കുടുംബങ്ങളെ പ്രത്യേകിച്ചും സർവ്വദാ ആക്രമിച്ചു കൊണ്ടിരിക്കുന്നത്. ഈ ആക്രമണങ്ങളിൽ നിലംപരിചാകാതെയിരിപ്പാനായി ഭാര്യാഭർത്താക്കന്മാരും മക്കളും പ്രാർത്ഥനയിൽ പോരാടുവാനും ദൈവത്തിന്റെ സർവ്വായുധവർഗ്ഗമെടുത്ത് ആത്മിക യുദ്ധം ചെയ്യുവാനും ആത്മമണവാളനായ ക്രിസ്തുവിന്റെ സഹായം അത്യന്താപേക്ഷിതമാണ്.

**ഒരുക്കം: ഏതിലൊക്കെ, എങ്ങനെയെല്ലാം**

സമൂഹത്തിലും തൊഴിലിലും ഏർപ്പെടുന്നവർ അതിനായി പ്രായോഗികപരിശീലനം സിദ്ധിച്ചവരാണ്. എന്നാൽ കുടുംബജീവിതത്തിനും അതിലെ ചുമതലകളും പങ്കും വഹിക്കുവാനും പ്രായോഗിക പരിശീലനം ഇല്ലാതെ വിശ്വാസത്താലും ദൈവാശ്രയത്തിലും ദൈവവചനാടിസ്ഥാനത്തിലുമാണ് ഓരോ വിശ്വാസിയും പ്രവേശിക്കുന്നത്. മാതാപിതാക്കളുടെയും ബന്ധുമിത്രരുടെയും സഹവിശ്വാസികളുടെയും ജീവിതത്തിൽ നിന്നും ദൈവവചനത്തിലെ ദമ്പതിമാരുടെ വിജയ-പരാജയ ചരിത്രങ്ങളിൽ കൂടിയും ധാരാളം ആത്മികവും പ്രായോഗികവുമായ പാഠങ്ങൾ വിവാഹിതരാകേണ്ടവർ പഠിക്കേണ്ടിയിരിക്കുന്നു. ഇത് വിവാഹത്തിനും വിജയകരമായ കുടുംബജീവിതത്തിനുമായി വിശ്വാസികളെ പ്രത്യേകാൽ ഒരുക്കും എന്നതിൽ തർക്കമില്ല. ഇത്തരം ചില ദുഃഖകരങ്ങളായ പാഠങ്ങൾ പഠിച്ചതിനാൽ വിവാഹ-കുടുംബജീവിതം വേണ്ടാ എന്നുവയ്ക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായും നമുക്കു കാണാം. പ്രിയപ്പെട്ടവരുടെ മാതൃകാരഹിതമായ കുടുംബജീവിതം അനേകരെ ഇന്ന് ഭയപ്പെടുത്തുകയും വിവാഹം കഴിക്കാനുള്ള അവരുടെ ധൈര്യം ചോർത്തിക്കളയുകയും ചെയ്യുന്നു എന്ന വാസ്തവത്തിനു നേരെ നമുക്കു കണ്ണടയ്ക്കാൻ സാധിക്കുകയില്ല. ഇളയവർക്കു മാതൃകാരഹിതമായി ജീവിക്കുന്ന എല്ലാ കുടുംബസ്ഥരും ഇക്കാര്യത്തിൽ ദൈവ മുമ്പാകെ കുറ്റക്കാർ ആണെന്ന് പറയേണ്ടതില്ലല്ലോ.

വിവാഹിതരാകുവാൻ പാടില്ലാത്ത ചിലരെങ്കിലും ഉണ്ട് എന്നു നാം മറക്കരുത് (മത്താ. 19:12). ദൈവരാജ്യം നിമിത്തം വിവാഹജീവിതം വെടിഞ്ഞ് ദൈവത്തെ സേവിക്കുവാൻ ആഗ്രഹിക്കുന്നവരെ നിർബന്ധിച്ച് വിവാഹബന്ധത്തിലേക്കു വലിച്ചിഴയ്ക്കുന്നതുമൂലം അവരുടെ ആത്മീയ ദർശനത്തോട് അവർക്ക് വിശ്വസ്തത കാട്ടുവാൻ കഴിയാതെ നിരാശയിൽ ജീവിക്കേണ്ടി വന്നിട്ടുണ്ട്. മാത്രമല്ല ഇത് അവരുടെ ജീവിതപങ്കാളികൾക്കും കുടുംബങ്ങൾക്കും പല മേഖലകളിലും ഇച്ഛാഭംഗം വരുത്തിവയ്ക്കുകയും തന്മൂലം വലിയ ദാമ്പത്യ സംഘട്ടനങ്ങൾക്കും പ്രശ്നങ്ങൾക്കും ഇടയാക്കിയിട്ടുമുണ്ട്.

ശാരീരികമായും മാനസികവുമായ പ്രശ്നങ്ങൾ കാരണം കുടുംബ ജീവിതത്തിന് തയ്യാറല്ലാത്തവരെ നിർബന്ധിച്ചും പ്രശ്നങ്ങൾ രഹസ്യമാക്കിവച്ചും വിവാഹം നടത്താൻ ബന്ധുക്കൾ ശ്രദ്ധിക്കാറുണ്ട്. ഇത്തരം വിവാഹങ്ങൾ പരാജയപ്പെടുന്ന കുടുംബജീവിതത്തിലേക്ക് അവരെ തള്ളിവിടുന്നതിനുമാത്രമെ ഉപകരിക്കൂ. സത്യസന്ധമായ സമീപനമാണ് ഈ മേഖലകളിൽ അത്യന്താപേക്ഷിതം. അല്ലാത്ത പക്ഷം അനേക നിർദ്ദോഷികൾ ക്രൂരമായി ചതിക്കപ്പെടുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ കൊണ്ടു ചെന്നെത്തിക്കും.

**ഒരുങ്ങേണ്ട മേഖലകൾ:**

സാമൂഹ്യമായും മാനസികമായും നിയമപരമായും വിവാഹത്തിനു അനുയോജ്യമായ പ്രായത്തെക്കുറിച്ചുള്ള ഏകദേശ ധാരണ എല്ലാ സമൂഹത്തിലുമുണ്ട്. ചില പ്രത്യേക കാരണങ്ങളാലും സാഹചര്യത്തിലും ഇതനുസരിച്ച് മുന്നോട്ടുപോകാൻ എല്ലാവർക്കും എപ്പോഴും സാധിച്ചു എന്നു വരികയില്ല. എന്നാൽ വിവാഹപ്രായത്തിനു വളരെ മുമ്പുതന്നെ വിവാഹത്തെക്കുറിച്ചും ജീവിത പങ്കാളിയെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും മിക്കവരും വളരെ

യേറെ ചിന്തിക്കുക എന്നത് സ്വാഭാവികമാണ്. ഈ ചിന്തകൾ എല്ലാം തന്നെ പ്രാർത്ഥനയിലാണ് നമ്മെ കൊണ്ടെത്തിക്കേണ്ടത്. ലോകത്തിലെ കോടാനു കോടികൾക്കിടയിൽ നിന്നു ദൈവം നിങ്ങൾക്കുവേണ്ടി കണ്ടുവെച്ചിരിക്കുന്ന ഒരാളുണ്ട് എന്ന് ആദ്യമായി വിശ്വസിക്കുക. ആത്മികവും കുടുംബപരവുമായ സംസ്കാരത്തിനനുസരിച്ച് ആ വ്യക്തിയെ ദൈവം തക്ക സമയത്ത് നിങ്ങൾക്കും കുടുംബാംഗങ്ങൾക്കും കാണിച്ചുതരാനായി പ്രാർത്ഥിക്കുക. ദൈവത്തിന്റെ സമയത്തിനുമുമ്പെ ആ വ്യക്തി ആരാണ് എന്നറിയാൻ ആകാംക്ഷയും ധൃതിയും കാണിക്കാതെ യിസ്ഹാക്കിന്റെയും റെബേക്കയുടെയും മാതൃക ജീവിതത്തിൽ പകർത്താൻ പ്രാർത്ഥനാപൂർവ്വം ശ്രമിക്കുക. യാക്കോബിന്റെയും ശിംശോന്റെയും ജീവിതത്തിൽ ഇക്കാര്യത്തിലുണ്ടായ പരാജയങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളാൻ ശ്രമിക്കുക.

ഏതുതരം വ്യക്തിത്വവും സ്വഭാവശ്രേഷ്ഠതകളും ഉള്ള വ്യക്തിയായിരിക്കണം ഓരോരുത്തരുടെയും ജീവിതപങ്കാളി എന്നതിനെക്കുറിച്ച് ദൈവം അവർക്ക് ചിന്തകളും ആഗ്രഹങ്ങളും, തരുന്നുണ്ടായിരിക്കുമല്ലോ. അക്കാര്യങ്ങൾ ഓർത്തു മുട്ടിപ്പായി പ്രാർത്ഥിക്കുകയും അത്തരം ഒരു വ്യക്തിക്കായി ജാഗരിക്കയും ചെയ്യുക വളരെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് (സങ്കീർത്തനം 25:9,12; 31:15; 20:4; 81:10). അതോടൊപ്പം ആ വ്യക്തിയുമായി ജീവിക്കുന്നതിനാവശ്യമായ ദൈവകൃപയും ആത്മനിറവും ഓരോരുത്തർക്കും ലഭിക്കേണ്ടതിനും പ്രാർത്ഥിക്കുകയും ഒരുങ്ങുകയും ചെയ്യുക. ◉

---

*പേജ് 19 ന്റെ തുടർച്ച* (മിസ്രയീംകാരത്തി എബ്രായ വനിത)

ക്കുന്നത്. മറ്റുള്ളവരുടെ കൂടുതൽ ഉത്കൃഷ്ടമായ പദവികൾ കണ്ടു നാം അസൂയാലുക്കൾ ആകരുത്. അവരെ പദവിയിൽ നിന്നും നിഷ്കാസനം ചെയ്യാൻ കുടിലതന്ത്രങ്ങൾ നാം മെനയരുത്. സൗമ്യനായ മോശെ ഒരു ശിക്ഷണനടപടിയും എടുക്കേണ്ട ആവശ്യമില്ല. ദൈവദാസന്മാർക്കെതിരേ ചരടുവലിക്കുന്നവർക്കുള്ള ശിക്ഷാവിധി നടപ്പാക്കുന്നത് അവരെ തത്സ്ഥാനത്തു അവരോധിച്ച ദൈവം തന്നെ.

ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് എത്ര ഭയങ്കരം! 'പ്രതികാരം യഹോവയ്ക്കുള്ളത്.' അതു അങ്ങോട്ടു ഭരമേല്പിക്കുക. മോശെയെപ്പോലെ മത്സരികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്. മോശെയോടു മനസ്സലിഞ്ഞ ദൈവം നമ്മോടും മനസ്സലിഞ്ഞ് അവരുടെ മനോഭാവത്തിനു മാറ്റം വരുത്തും. നമുക്കു അർഹമായ അംഗീകാരവും നല്കും അവൻ (മോശെ) എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ. പ്രവാചകന്മാർക്കു ദൈവം ദർശനത്തിൽ തന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവരോടു അരുളിച്ചെയ്കയും ചെയ്യുമ്പോൾ മോശെയോടു അവിടന്നു മറപൊരുളായിട്ടല്ല, അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ അരുളിച്ചെയ്യുന്നത്. വാസ്തവം ഇതായിരിക്കെ, ദൈവവുമായി അഭിമുഖ സംഭാഷണത്തിലേർപ്പെടുന്നു എന്നവകാശപ്പെടുന്ന ആധുനികപ്രവാചകന്മാർ സൂക്ഷിക്കുക. അവർ ദൈവവുമായിട്ടായിരിക്കില്ല പ്രത്യുത, വെളിച്ചദൂതനുമായിട്ടാവണം അഭിമുഖസംഭാഷണം നടത്തുന്നത്. ദൈവവചനത്തിനു വിപരീതമായി സംസാരിക്കുന്നത് വെളിച്ചദൂതനല്ലാതെ പിന്നെ ആരാണ്? 'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല'.

ദൈവം നമ്മെ ഓരോരുത്തരെയും ഭരമേല്പിച്ച ദൗത്യം വിശ്വസ്തതയോടെ നിർവഹിച്ചു താണിരിക്കുക. തത്സമയത്തു അവൻ നമ്മെ ഉയർത്തും. നാം അതിനു കുറുക്കുവഴികൾ ഒന്നും തേടേണ്ട കാര്യമില്ല. വിശ്വസ്തത നമ്മുടെ മുഖമുദ്രയായിരിക്കട്ടെ. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരുടെ ഇടയിൽ ചുരുക്കം. ◉

## QUEST– 81 ന്റെ ശരി ഉത്തരങ്ങൾ

1. വിശ്വസ്തനും, പ്രിയനുമായ സഹോദരൻ (കൊലൊ.4:9)
2. ക്രിസ്തുവിനുവേണ്ടിയുള്ള ശുശ്രൂഷയിൽ അവൻ മരണത്തിന്റെ വക്കുവരെ എത്തിയ തുകൊണ്ട് (ഫിലി. 2:30)
3. അപ്പൊസ്തലന്മാരും, പ്രവാചകന്മാരും (എഫെ. 2:20)
4. മക്കെദൊന്യയിലും, അഖായയിലും വിശ്വസിക്കുന്നവർക്കെല്ലാം (1 തെസ്സ.1:7)
5. ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ (കൊലൊ. 2:3)
6. വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ച് (1 തെസ്സ. 5:8)
7. ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റുന്നതു പോലെ (1 തെസ്സ. 2:7)
8. യേശുക്രിസ്തുവിന്റെ മഹത്ത്വം പ്രാപിപ്പാൻ (2 തെസ്സ. 2:14)
9. ദൈവത്തിന്റെ ദാനത്താൽ (എഫെ. 3:7)
10. യിസ്രായേൽ വംശം, ബെന്യാമീൻ ഗോത്രം (ഫിലി. 3:5)
11. വിശുദ്ധന്മാരും, ക്രിസ്തുവിൽ വിശ്വസ്ത സഹോദരന്മാരുമായവർക്ക് (കൊലൊ. 1:1)
12. പ്രമാണം വിട്ട് ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും (2 തെസ്സ. 3:6)
13. പരിശുദ്ധാത്മാവിനാൽ (എഫെ. 4:30)
14. യുവൊദ്യയെയും സുന്തുകയെയും (ഫിലി. 4:2)
15. നിത്യനാശം എന്ന ശിക്ഷാവിധി (2 തെസ്സ. 1:10)
16. സകല സൽഗുണവും, നീതിയും, സത്യവും (എഫെ. 5:10)
17. വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ (ഫിലി. 1:23)
18. വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് (എഫെ. 1:4)
19. ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം (കൊലൊ. 3:5-6)
20. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം (എഫെ. 6:13)

*പേജ് 9 ന്റെ തുടർച്ച* (വ്യക്തിഗത സുവിശേഷീകരണം)

ന്നത് (റോമ. 10:9,10) തുടർന്ന് പുതിയ സൃഷ്ടിയായിതീരുന്നു. (2 കൊരി 5:17) ഇപ്രകാരം നമുക്കും നശിച്ചു പോകുന്ന അനേകരെ നിത്യജീവങ്കലേക്കു നടത്തുന്നവരാകാം.

വ്യക്തിഗത സുവിശേഷീകരണത്തിന് പല തടസ്സങ്ങളുണ്ട്. ആത്മാക്കളെ നേടുന്നതിൽ വിശ്വാസികൾ എരിവുള്ളവരാകണം. എന്നാൽ പലപ്പോഴും നമ്മിൽ നേരിടുന്ന താത്പര്യമില്ലായ്മ, അലസത, ഉത്സാഹമില്ലായ്മ, പ്രാർത്ഥനക്കുറവ്, അകാരണമായ ഭയം എന്നിവ സുവിശേഷീകരണത്തിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണ്. ഇതിനെ അതിജീവിക്കുവാൻ പ്രാർത്ഥനയാലും; വചനപഠനത്താലും, ഭൂലോകമൊക്കെയും സകല സൃഷ്ടിയോടും സുവിശേഷം അറിയിക്കുവാനുള്ള ദൗത്യം ഏറ്റെടുക്കുന്നവരായിതീരുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ◉

***"ഞാൻ ഉദയത്തിന്നു മുമ്പെ എഴുന്നേറ്റു പ്രാർത്ഥിക്കുന്നു;***
***നിന്റെ വചനത്തിൽ ഞാൻ പ്രത്യാശവയ്ക്കുന്നു.***
***തിരുവചനം ധ്യാനിക്കേണ്ടതിന്നു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു"***

**(സങ്കീ. 119:147, 148)**

# QUEST 82

(ഈ ലക്കം QUEST –82 ലെ ചോദ്യങ്ങൾ 1 തിമൊഥെയൊസ്, 2 തിമൊഥെയൊസ്, തീത്തൊസ്, ഫിലേമോൻ, എബ്രായർ എന്നീ പുസ്തകങ്ങളിൽ നിന്നാണ്)

1. പൗലൊസ് ആരെയാണ് എഫെസൊസിലേക്ക് അയച്ചത്?
2. പൗലൊസിന്റെ സഹബദ്ധൻ ആര്?
3. പൗലൊസ് എന്തിനുവേണ്ടിയാണ് ചങ്ങല ധരിച്ച് കഷ്ടം സഹിച്ചത്?
4. മറക്കരുത് എന്ന് പൗലൊസ് ഓർമ്മിപ്പിക്കുന്നതെന്താണ്?
5. ആകാശത്തിലൂടെ കടന്നുപോയ ശ്രേഷ്ഠമഹാപുരോഹിതൻ ആര്?
6. നിയമപെട്ടകവും, ധൂപകലശവും വച്ചിരുന്നത് എവിടെയാണ്?
7. കാളകളുടെയും, ആട്ടുകൊറ്റന്മാരുടെയും രക്തത്തിന് സാധ്യമല്ലാത്തത് എന്ത്?
8. തീത്തൊസിന്റെ ലേഖനത്തിലെ ഒരു ന്യായശാസ്ത്രിയുടെ പേര് എന്ത്?
9. മോശെയോട് എതിർത്തു നിന്നവർ ആരെല്ലാം?
10. മരിക്കുന്നതിന് മുമ്പേ തന്റെ അസ്ഥികളെക്കുറിച്ച് കല്പന കൊടുത്തത് ആര്?
11. മല്ക്കീസേദെക്ക് എവിടത്തെ രാജാവായിരുന്നു?
12. പൗലൊസ് പെരുവയറന്മാർ എന്ന് വിളിച്ചിരിക്കുന്നത് ആരെ?
13. ..................... സകലവിധ ദോഷത്തിനും മൂലമല്ലോ.
14. ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയദാനം ആസ്വദിച്ചവർ പിന്മാറി പോയാൽ അവർ എന്താണ് ചെയ്യുന്നത്?
15. ആരുടെ സന്തതിയെ സംരക്ഷണം ചെയ്യുവാനാണ് യേശു വന്നത്?
16. പൗലൊസ് മക്കെദൊന്യയിലേക്ക് പോയപ്പോൾ തിമൊഥെയോസിനോട് എവിടെ താമസിക്കാനാണ് പറഞ്ഞത്?
17. പൗലൊസിന്റെ കൈവെപ്പിനാൽ തിമൊഥെയൊസിന് ലഭിച്ച വരം എന്ത്?
18. തിമൊഥെയൊസിനോട് എന്തിൽ നിന്നൊക്കെ ഒഴിഞ്ഞു നിൽക്കണമെന്നാണ് പറഞ്ഞത്?
19. പുരുഷന്മാർ എങ്ങനെ പ്രാർത്ഥിക്കണമെന്നാണ് പൗലൊസ് പറഞ്ഞത്?
20. ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന് എങ്ങനെയുള്ള ഹൃദയം ഉണ്ടാകരുതെന്നാണ് പൗലൊസ് എബ്രായവിശ്വാസികളോട് പറഞ്ഞത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**കൊസ്റ്റ് 82**-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2022 ഏപ്രിൽ 20** നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :
**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## Quest 81-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
3. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം

**Quest 81-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.**

-ക്വിസ് മാസ്റ്റർ

# Annamma Charles John Writer's Awards
# Chraisthava Vanitha Distinguished Writer's Award-2021


Mrs. Annamma Charles John (Co-Founder, Director of Good News Ministries and Founder-Editor of Chraisthava Vanitha) Distinguished Writer's Award- 2021, a sum of Rs. 10000/- and a plaque were awarded to Smt. Joyamma Samson of Kollam, by Dr. Charles John in recognition of her consistently excellent contributions to Chraisthava Vanitha.





Annamma C. John Writer's Award (Runner Up-2021) a sum of Rs. 5000/- and a plaque were awarded to Dr. Helen Abraham of Chennai by Dr. Charles John (Co-Founder, Director of Good News Ministries in recongnition of her quality contributions to Chraisthava Vanitha.

# ‘വിശ്വാസത്തിന്റെ ബലിപീഠത്തിൽ’




സഹോദരി മേരി അഞ്ചൻ രചിച്ച ഈ ഗ്രന്ഥം വിശ്വാസ സമൂഹം, സഭയുടെ ആദ്യകാലം മുതൽ നേരിട്ട പീഡനങ്ങളുടെ ഒരു വിവരണമാണ്. 51 ചെറിയ അദ്ധ്യായങ്ങളിലായി സഭാ ചരിത്രത്തിൽ വിശ്വാസികൾ നേരിടേണ്ടി വന്ന പീഡനങ്ങളും അവർ അതിനെ നേരിട്ട വിധവും പ്രതിപാദിക്കുന്നു.

1974 –ലും 1978 –ലും അതിനു ശേഷം 2021 ലും പുനഃപ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിലെ വിവരണങ്ങൾ ഇക്കാലത്തു ജീവിക്കുന്ന വിശ്വാസസമൂഹത്തിന് ഒരു വെല്ലുവിളിയും അതോടൊപ്പം യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ധൈര്യവും പകരുന്നു.

**ഈ പുസ്തകം ആവശ്യമുള്ളവർ താഴെക്കാണുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക.**
**പുസ്തകത്തിന്റെ വില ഒരു കോപ്പി Rs. 150/-**

The Director
Good News Ministries
Akkulam Road,
Trivandrum - 695 011
Tel: 9087144349

The Manager
Evangelical Literature Service
Kesavadasapuram
Trivandrum


Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891